2023
MARCH
08
WEDNESDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

കേരള ഗവൺമെന്റിന്റെ അംഗീകൃത
കോഴ്സിലൂടെ എളുപ്പം ജോലി നേടാം
● ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്
● മെക്കാനിക്കൽ എഞ്ചിനീയറിംഗ്
● ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ്
2 വർഷം
പഠനത്തോടൊപ്പം അംഗീകൃത സർവ്വീസ് സെന്ററുകളിൽ പ്രായോഗിക പരിശീലനവും തുടർന്ന് പ്ലേയ്സ്മെന്റ് അസിസ്റ്റൻസും. ബന്ധപ്പെടുക:
Kuttukaran Institute
www.kihrd.com
Kuttukaran Technical Campus-2, Manakkappadi - Manjali Road, Manakkappadi, Karumalloor P.O., N.Paravur, Ernakulam-683 511
Tel: (0484) 2390516, 2396035, Mob: 9995171177, 9846019500

## രേഖകളില്ലാതെ 62.5 പവൻ കയ്യിൽ വയ്ക്കാം



**കണ്ണൂർ:** രാജ്യത്തെ സ്വർണവ്യാപാരമേഖലയെ കൂടുതൽ സുതാര്യമാക്കാനും വിൽക്കപ്പെടുന്ന ഓരോ തരി പൊന്നും കണക്കിൽപ്പെടുത്താനുമാണ് കേന്ദ്ര സർക്കാർ ശ്രമം. അപ്പോൾ, വ്യക്തികൾക്ക് കൈയിൽ സൂക്ഷിക്കാവുന്ന സ്വർണത്തിന്റെ അളവെത്ര എന്ന ചോദ്യം പ്രധാനമാണ്. വ്യക്തികൾക്ക് നിയമപരമായി കൈവശം സൂക്ഷിക്കാവുന്ന സ്വർണത്തിന്റെ തോതിനെക്കുറിച്ച് കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡിന്റെ ചട്ടം നിലവിലുണ്ട്. സ്ത്രീകൾക്കും പുരുഷൻമാർക്കും സൂക്ഷിക്കാവുന്ന സ്വർണത്തിന്റെ അളവിൽ വ്യത്യാസമുണ്ട്.

വിവാഹിതകൾക്കും അവിവാഹിതകൾക്കും സൂക്ഷിക്കാവുന്ന സ്വർണത്തിന്റെ തോതും ഒന്നല്ല. വ്യക്തികളുടെ കൈവശമുള്ള സ്വർണം അനുവദനീയ പരിധിക്കുള്ളിലെങ്കിൽ അതു സംബന്ധിച്ച് രേഖകൾ കാണിക്കേണ്ടതില്ല. ആറക്ക എച്ച്യുഐഡി ഇല്ലാത്ത ആഭരണങ്ങളുടെ വിൽപനയ്ക്ക് ഏപ്രിൽ 1 മുതൽ നിരോധനം വരുന്നതും വാണിജ്യാവശ്യത്തിനു സ്വർണം കൊണ്ടുപോകുന്നതിന് ഇ വേ ബിൽ നിർബന്ധമാക്കുന്നതും സ്വർണവ്യാപാര മേഖലയെ പൂർണമായി ഡിജിറ്റലാക്കുന്നതിന്റെ ഭാഗമാണ്.

# 10 ആശുപത്രികളിൽ ക്രിട്ടിക്കൽ കെയർ സംവിധാനത്തിന് 253.8 കോടി

**തിരുവനന്തപുരം:** സംസ്ഥാനത്ത് 10 ആശുപത്രികളിൽ അത്യാധുനിക ക്രിട്ടിക്കൽ കെയർ സംവിധാനവും 10 ജില്ലാ ലാബുകളിൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകളും സജ്ജമാക്കാൻ അനുമതി. ക്രിട്ടിക്കൽ കെയർ സംവിധാനത്തിന് 253.8 കോടി രൂപയുടെയും ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകൾക്ക് 12.5 കോടി രൂപയുടേയും അനുമതിയാണ് ലഭ്യമായത്. 60:40 ആനുപാതികമായി കേന്ദ്ര ഫണ്ടുപയോഗിച്ചാണ് പദ്ധതി യാഥാർഥ്യമാക്കുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ് പറഞ്ഞു.

മൂന്ന് വർഷങ്ങളായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. 202324 വർഷത്തിൽ കോട്ടയം മെഡിക്കൽ കോളജ്, കണ്ണൂർ മെഡിക്കൽ കോളജ്, കാസർകോട് ടാറ്റ ആശുപത്രി എന്നിവിടങ്ങളിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റിനും വയനാട്, കോട്ടയം, തൃശൂർ ജില്ലകളിൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകൾക്കുമാണ് അനുമതി നൽകിയത്. 202425 വർഷത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളജ്, കോഴിക്കോട് മെഡിക്കൽ കോളജ്, ജില്ലാ ആശുപത്രി നെടുങ്കണ്ടം എന്നിവിടങ്ങളിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റും കോഴിക്കോട്, ഇടുക്കി, ആലപ്പുഴ ജില്ലകളിൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകളും സ്ഥാപിക്കും. 202526 വർഷത്തിൽ തൃശൂർ മെഡിക്കൽ കോളജ്, ആലപ്പുഴ മെഡിക്കൽ കോളജ്, പാലക്കാട് ജില്ലാ ആശുപത്രി, കൽപ്പറ്റ ജനറൽ ആശുപത്രി എന്നിവിടങ്ങളിൽ ക്രിട്ടിക്കൽ കെയർ യൂണിറ്റിനും തിരുവനന്തപുരം എറണാകുളം, മലപ്പുറം, കൊല്ലം എന്നീ ജില്ലകളിൽ ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകൾക്കുമാണ് അനുമതി ലഭ്യമായത്.

ക്രിട്ടിക്കൽ കെയർ യൂണിറ്റിന് 9 ആശുപത്രികൾക്ക് 23.75 കോടി രൂപ വീതവും പാലക്കാട് ജില്ലാ ആശുപത്രിക്ക് 40.05 കോടിയുമാണ് അനുവദിച്ചത്. 50 കിടക്കകളുള്ള അത്യാധുനിക ക്രിട്ടിക്കൽ കെയർ യൂണിറ്റാണ് സജ്ജമാക്കുന്നത്. പാലക്കാട് ജില്ലാ ആശുപത്രിയിൽ 100 കിടക്കകളാണ് സജ്ജമാക്കുന്നത്. ഇന്റഗ്രേറ്റഡ് പബ്ലിക് ഹെൽത്ത് ലാബുകൾക്ക് 1.25 കോടി വീതമാണ് അനുവദിച്ചിരിക്കുന്നത്. കേന്ദ്രം മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്

## ആരോഗ്യ ഗുണനിലവാരം: ഭക്ഷണപാക്കറ്റിലെ സ്റ്റാർ റേറ്റിങ്ങിനെച്ചൊല്ലി ഭിന്നത

**ന്യൂഡൽഹി:** ഇന്ത്യയിൽ പാക്കേജ് ചെയ്തു വിൽപന നടത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ലേബലിങ്ങിൽ നിർദേശിച്ച പരിഷ്കാരം അനിശ്ചിതത്വത്തിൽ. സ്റ്റാർ റേറ്റിങ് വഴിയുള്ള ലേബലിങ്ങായിരുന്നു കരടുരേഖയിൽ നിർ!ദേശിച്ചിരുന്നത്. എന്നാൽ, ഈ രീതി ഫലപ്രദമാകില്ലെന്നും പാക്കറ്റ് കവറിൽ നേരിട്ടുള്ള മുന്നറിയിപ്പു നൽകുന്നതാണ് ഗുണം ചെയ്യുകയെന്നും ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്, എയിംസ് എന്നിവ നിലപാട് അറിയിച്ചതാണു പ്രധാന തടസ്സം.

ഭക്ഷ്യവസ്തുക്കളുടെ ആരോഗ്യഗുണനിലവാരം കണക്കിലെടുത്ത്, സ്റ്റാർ റേറ്റിങ് നൽകാനായിരുന്നു ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ് അതോറിറ്റിയുടെ നീക്കം. അനാരോഗ്യകരമായ ഭക്ഷ്യവസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനു നേരിട്ടുള്ള മുന്നറിയിപ്പാകും നല്ലതെന്നാണ് ഐസിഎംആറും എയിംസും നിലപാട് എടുത്തത്. എന്നാൽ, ഭക്ഷ്യവസ്തുക്കളുടെ ഉൽപാദക കമ്പനികൾ സ്റ്റാർ റേറ്റിങ്ങിനെ അനുകൂലിച്ചു. ഓരോ ഭക്ഷ്യവസ്തുവിലെയും അടിസ്ഥാനഘടകങ്ങളും എത്ര ശതമാനം വീതമെന്നും മാത്രം രേഖപ്പെടുത്തുന്നതാണ് നിലവിലെ രീതി.

ഇതു പരിഷ്കരിച്ചുള്ളതാണ് സ്റ്റാർ റേറ്റിങ്. കൂടുതൽ ആരോഗ്യകരമായ ഭക്ഷ്യവസ്തുക്കൾക്കു കൂടുതൽ സ്റ്റാർ റേറ്റിങ് ലഭിക്കും.

## സംരംഭക വർഷം പദ്ധതികളുടെ പരിശോധന ഈ മാസം: മന്ത്രി രാജീവ്



**തിരുവനന്തപുരം:** സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച വ്യവസായ പദ്ധതികളുടെ പ്രവർത്തനം പരിശോധിക്കുന്നതിനുള്ള നടപടി ഈ മാസം തുടങ്ങുമെന്നു മന്ത്രി പി. രാജീവ്. വ്യവസായ സംരംഭങ്ങൾ സംബന്ധിച്ച കണക്കിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ അതു തിരുത്തും. അതേ സമയം മാധ്യമങ്ങൾ പുറത്തു കൊണ്ടുവന്ന കണക്കിൽ ഫാക്ട് ചെക്ക് നടത്തിയിട്ടുണ്ടെന്നും അവകാശപ്പെട്ടു.

ഒരു ലക്ഷത്തിലധികം പുതിയ സംരംഭങ്ങൾ എന്ന കണക്കിൽ വീഴ്ചകൾ വന്നിട്ടുണ്ടോ എന്നു പരിശോധിച്ചു തെറ്റുണ്ടെങ്കിൽ തിരുത്തുമെന്നു ആവർത്തിച്ചു.

പഴയ ചില സംരംഭങ്ങൾ റജിസ്ട്രേഷനും വായ്പയ്ക്കും അപേക്ഷിച്ചത് ഒരുപക്ഷേ പുതിയ സംരംഭങ്ങളുടെ പട്ടികയിൽ ഉൾപ്പെടാൻ കാരണമായിട്ടുണ്ടാകാം. എന്നാൽ പുതുതായി 1.34 ലക്ഷം സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. പദ്ധതി ആകമാനം പ്രശ്നമാണെന്ന മട്ടിലുള്ള പ്രചാരവേല നിഷേധാത്മകമാണ്. അതിനെയാണു ഞങ്ങൾ എതിർക്കുന്നത്' മന്ത്രി പറഞ്ഞു. വ്യക്തികൾ സ്വകാര്യമായി ആരംഭിച്ച സംരംഭങ്ങൾ പോലും സർക്കാരിന്റെ നേട്ടമായി എടുത്തു കാണിക്കുകയാണെന്നു പ്രതിപക്ഷ നേതാവ് കുറ്റപ്പെടുത്തി.

## കൊച്ചിയിലൊരു വീട് വിലയേറിയ സ്വപ്നം

**ന്യൂഡൽഹി:** രാജ്യത്തെ 10 പ്രധാന നഗരങ്ങളിൽ ഭവനവിലയിൽ ഒരു വർഷത്തിനിടയിൽ ഏറ്റവും കുതിപ്പുണ്ടായത് കൊച്ചിയിലെന്ന് വ്യക്തമാക്കി റിസർവ് ബാങ്കിന്റെ കണക്കുകൾ. ദേശീയതലത്തിലുള്ള വർധന 2.79 ശതമാനമായിരുന്നപ്പോൾ കൊച്ചിയിലെ വർധന 7.15% ആണ്.

ഡൽഹി, മുംബൈ, ബെംഗളൂരു, ചെന്നൈ അടക്കം 10 നഗരങ്ങളിലെ ഭവനവിൽപന ഇടപാടുകൾ വിലയിരുത്തിയാണ് ഓരോ പാദത്തിലും റിസർവ് ബാങ്ക് ഭവനവില സൂചിക പ്രസിദ്ധീകരിക്കുന്നത്. കേരളത്തിൽ നിന്ന് കൊച്ചി മാത്രമാണ് ആർബിഐയുടെ കണക്കെടുപ്പിലുള്ളത്. ഇക്കൊല്ലം കൊച്ചിയിൽ 7.15% വർധനയുണ്ടായപ്പോൾ ജയ്പുരിൽ 8.9 ശതമാനത്തിന്റെ ഇടിവാണുണ്ടായത്. കൊച്ചി കഴിഞ്ഞാൽ ഏറ്റവുമധികം വർധന അഹമ്മദാബാദിലാണ്; 5.2%.




## കടബാധ്യത കുറയ്ക്കാൻ ഓഹരി വിറ്റ് അദാനി ഗ്രൂപ്പ്

**മുംബൈ:** ഓഹരി വിറ്റഴിച്ച കടബാധ്യത കുറയ്ക്കാനുള്ള നീക്കവുമായി അദാനി ഗ്രൂപ്പ്. 4 കമ്പനികളിൽ പ്രമോട്ടർക്കുള്ള ഓഹരികളിൽ ചെറിയ ശതമാനം 15,446 കോടി രൂപയ്ക്ക് യുഎസ് ആസ്ഥാനമായ ജിക്യു ജി പാർട്ണേസിന് വിൽപന നടത്തിയെന്ന വാർത്ത ഗ്രൂപ്പ് ഓഹരി വിലകൾ ഉയർത്തി. 3 ദിവസങ്ങളിലായി ഗ്രൂപ്പ് ഓഹരികളുടെ വിപണി മൂല്യത്തിൽ 1.42 ലക്ഷം കോടിയുടെ വർധന ഉണ്ടായി.

# സെൻസെക്സ് 60000 പിന്നിട്ടു

**മുംബൈ:** ഹോളി ആഘോഷത്തിനു മുന്നോടിയായി ഓഹരി വിപണിയിൽ മുന്നേറ്റം. തുടർച്ചയായ രണ്ടാം ദിനവും നേട്ടമുണ്ടാക്കിയ ബിഎസ്ഇ സെൻസെക്സ് 60,000 പോയിന്റ് കടന്നാണ് ക്ലോസ് ചെയ്തത്. 415.49 പോയിന്റ് ഉയർന്ന് 60,224.46ൽ എത്തി. നിഫ്റ്റി 117.20 പോയിന്റ് ഉയർന്ന് 17,711.50ലും ക്ലോസ് ചെയ്തു. അദാനി ഓഹരികളിലും മികച്ച മുന്നേറ്റമുണ്ടായി.

വ്യാപാരദിനത്തിന്റെ രണ്ടാം പകുതിയിൽ മെറ്റൽ, റിയാലിറ്റി, ബാങ്കിങ് ഓഹരികളിൽ വിൽപന സമ്മർദം കൂടുതലായിരുന്നു. ഹോളി പ്രമാണിച്ച് ഇന്ന് ഓഹരിവിപണിക്ക് അവധിയാണ്.

## ഇടുക്കി മെഡിക്കൽ കോളേജ് വികസനത്തിന് 3.41 കോടി: മന്ത്രി വീണാ ജോർജ്

**ഇടുക്കി:** മെഡിക്കൽ കോളേജിന്റെ വികസന പ്രവർത്തനങ്ങൾക്കായി 3,40,66,634 രൂപ അനുവദിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. വിവിധ വിഭാഗങ്ങൾക്ക് ആവശ്യമായ മെഡിക്കൽ ഉപകരണങ്ങളും സാമഗ്രികളും വാങ്ങാനായാണ് തുക അനുവദിച്ചത്. ഹൈറേഞ്ചിൽ മികച്ച ചികിത്സാ സൗകര്യം ഒരുക്കാനായി സർക്കാർ വലിയ പ്രാധാന്യമാണ് നൽകുന്നത്. സമയബന്ധിതമായി ഇടുക്കി മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ ഉറപ്പു വരുത്തി നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് നിർദേശം നൽകി. ഇതിന് പിന്നാലെയാണ് മികച്ച സൗകര്യങ്ങളൊരുക്കാനായി നിരവധി തവണ പ്രത്യേക യോഗം ചേർന്ന് തുക അനുവദിച്ചത്. മറ്റ് മെഡിക്കൽ കോളേജുകൾ പോലെ ഇടുക്കി മെഡിക്കൽ കോളേജിനേയും ഉന്നത നിലവാരത്തിലെത്തിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി.

പത്തോളജി വിഭാഗത്തിൽ 60 ബൈനാകുലർ മൈക്രോസ്കോപ്പ്, ആട്ടോമെറ്റിക് പ്രോസസർ, റോട്ടറി മൈക്രോടോം, ഇൻകുബേറ്റർ, സെൻട്രിഫ്യൂജ് ക്ലിനിക്കൽ, ഒഫ്ത്താൽമോസ്കോപ്പ് മൈക്രോബയോളജി വിഭാഗത്തിൽ 50 എൽഇഡി ബൈനാകുലർ മൈക്രോസ്കോപ്പ്, മാനിക്യുനികൾ, കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിൽ മുതിർന്നവരുടേയും കുട്ടികളുടേയും വെയിറ്റിംഗ് മെഷീൻ, ഫസ്റ്റ് എയ്ഡ് കിറ്റ്, 60 ഹീമോഗ്ലോബിനോമീറ്റർ, മോഡ്യുലാർ ലാബ്, മൈക്രോബയോളജി, ഫാർമക്കോളജി വിഭാഗങ്ങളിൽ ആവശ്യമായ മെഡിക്കൽ സാമഗ്രികൾ എന്നിവയ്ക്കായാണ് തുക അനുവദിച്ചത്. ഇതുകൂടാതെ വിവിധ വിഭാഗങ്ങൾക്കും ഹോസ്റ്റലിനും ആവശ്യമായ ഫർണിച്ചറുകൾക്കും തുക അനുവദിച്ചു.

## മെഡിക്കൽ/എൻജിനീയറിംഗ് പരിശീലന ധനസഹായം; കരട് മുൻഗണന പട്ടികയായി

**കോട്ടയം:** പിന്നാക്കവിഭാഗ വികസന വകുപ്പ് നടപ്പാക്കുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം മത്സര പരീക്ഷാ പരിശീലന ധനസഹായ പദ്ധതിയുടെ ഭാഗമായുള്ള മെഡിക്കൽ/എൻജിനീയറിംഗ് വിഭാഗത്തിന്റെ 202223 വർഷത്തെ കരട് മുൻഗണന പട്ടിക പ്രസിദ്ധീകരിച്ചു. www.bcdd.kerala.gov.in, www.egratnz.kerala.gov.in എന്നീ വെബ് സൈറ്റുകളിൽ പട്ടിക ലഭിക്കും. ആക്ഷേപമുള്ളവർ രേഖകൾ ഇമെയിൽ മുഖേന മാർച്ച് 14നകം എറണാകുളം മേഖലാ ഓഫീസിൽ നൽകണം. കരട് പട്ടികയിൽ റിവേർട്ട് ചെയ്യപ്പെട്ട അപേക്ഷകൾ ഇഗ്രാന്റ്സ് പ്രൊഫൈലിൽ റിമാർക്സ് കോളം പരിശോധിച്ച് ന്യൂനതകൾ പരിഹരിച്ച് മാർച്ച് 10നകം ഇഗ്രാന്റ്സ് മുഖേന തന്നെ തിരികെ സമർപ്പിക്കണം. നിശ്ചിത സമയ പരിധിക്കുള്ളിൽ ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കാത്ത അപേക്ഷ നിരസിക്കുന്നതാണ്. വിശദവിവരത്തിന് പിന്നാക്കവിഭാഗ വികസന വകുപ്പിന്റെ മേഖല ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0484 2983130,

## എൽ. ബി. എസിൽ സീറ്റൊഴിവ്

**കോട്ടയം:** എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആൻഡ് ടെക്നോളജിയുടെ ഏറ്റുമാനൂർ ഉപകേന്ദ്രത്തിൽ മാർച്ചിൽ ആരംഭിക്കുന്ന ആറുമാസം ദൈർഘ്യമുള്ള ഡിപ്ലോമ കോഴ്സിൽ ഒഴിവുള്ള സീറ്റിലേക്ക് പ്ലസ് ടൂ യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എസ്.സി., എസ്ടി, ഒഇസി, ഒബിഎച്ച് എന്നീ വിഭാഗത്തിൽ പെട്ട വിദ്യാർത്ഥികൾക്ക് ഫീസ് സൗജന്യം ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക്: 0481 2534820, 9495850898. അപേക്ഷ www.lbscetnre.kerala.gov.in എന്ന ലിങ്ക് ഉപയോഗിച്ച് ഓൺലൈൻ ആയി രജിസ്ട്രർ ചെയ്യേണ്ടതാണ്.



# വിനോദസഞ്ചാര വികസനം: മയ്യഴിപ്പുഴയും തുരുത്തിയും സന്ദർശിച്ചു

**കണ്ണൂർ:** മയ്യഴിപ്പുഴയിലെ വിനോദസഞ്ചാര വികസന സാധ്യതകൾ പഠിക്കാൻ പാനൂർ നഗരസഭയുടെയും ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും നേതൃത്വത്തിൽ സന്ദർശനം നടത്തി. കരിയാട് കിടഞ്ഞിയിലെ ബോട്ട് ജെട്ടി മുതൽ കോഴിക്കോട് ജില്ലയിലെ ഏറാമല പഞ്ചായത്തിൽ ഉൾപ്പെട്ട നടുത്തുരുത്തി ദ്വീപവരെ ജനപ്രതിനിധികളും ഉദ്യോഗസ്ഥരുമടങ്ങുന്ന സംഘം തോണിയാത്ര ചെയ്ത് സാധ്യതകൾ വിലയിരുത്തി.

മലനാട് റിവർ ക്രൂസ് ടൂറിസം പദ്ധതിയുടെ ഭാഗമായി മയ്യഴിപ്പുഴയിൽ ബോട്ട് ജെട്ടികൾ പ്രവർത്തനക്ഷമമാവുന്നതോടെ ഈ മേഖലയിലെ വിനോദ സഞ്ചാര സാധ്യതകൾ വർദ്ധിക്കുമെന്നാണ് വിലയിരുത്തൽ. ന്യൂ മാഹി മുതൽ പെരിങ്ങത്തൂർ വരെയുള്ള പ്രദേശങ്ങളെ കൂട്ടിയിണക്കിയുള്ള വിനോദ സഞ്ചാര പദ്ധതിയിൽ പ്രധാന ആകർഷണമായി വികസിപ്പിക്കാൻ സാധ്യതയുള്ളതാണ് നടുത്തുരുത്തി ദ്വീപ്. കോഴിക്കോട് ജില്ലയുടെയും കണ്ണൂർ ജില്ലയുടെയും അതിർത്തിയിൽ മയ്യഴിപ്പുഴയുടെ നടുവിലായാണ് നടുത്തുരുത്തി ദ്വീപ് സ്ഥിതി ചെയ്യുന്നത്. ഒരു ഭാഗം കണ്ണൂർ ജില്ലയിലെ പാനൂർ നഗരസഭയിൽ ഉൾപ്പെട്ട കരിയാടും മറുഭാഗത്ത് കോഴിക്കോട് ജില്ലയിലെ ഏറാമലയുമാണ്. ഏറാമല പഞ്ചായത്തിലെ മൂന്നാം വാർഡിലാണ് നടുത്തുരുത്തി ഉൾപ്പെടുന്നത്. പ്രകൃതി സുന്ദരമായ നാലേക്കറോളമാണ് ദ്വീപിന്റെ വിസ്തൃതി. സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള ഈ ഭൂമി ജൈവ വൈവിധ്യം കൊണ്ടും വിവിധ ഇനം പക്ഷികൾ, ഉരഗങ്ങൾ എന്നിവ കൊണ്ടും ഏറെ വ്യത്യസ്തമാണ്. രണ്ട് വീടുകളും കൊടുങ്ങല്ലൂർ ഭരണിയുമായി ബന്ധപ്പെട്ട ഒരു പൊടിക്കളവും മാത്രമേ ഇവിടെയുള്ളൂ.

മറ്റു പ്രദേശങ്ങളുമായി ബന്ധപ്പെടാൻ ഇവർക്ക് സ്വന്തം തോണി മാത്രമാണ് ആശ്രയം. പുഴക്കക്കരെ നിന്നും വെള്ളവും വെളിച്ചവും എത്തിയിട്ടുണ്ട്. സാധനങ്ങൾ വാങ്ങാനും മറ്റ് ആവശ്യങ്ങൾക്കും കണ്ണൂർ ജില്ലയിലെ കരിയാട് എത്തണം. ഇതിന് തോണിയാത്ര മാത്രമാണ് ആശ്രയം. ഇവിടെ ഒരു തൂക്കുപാലം നിർമ്മിക്കണമെന്നും ആവശ്യവും ശക്തമാണ്.

പാനൂർ നഗരസഭ അധ്യക്ഷൻ വി.നാസർ, ജില്ല ഇൻഫർമേഷൻ ഓഫീസർ ഇ.കെ. പത്മനാഭൻ, ഡി.ടി.പി.സി. സെക്രട്ടറി ജെ.കെ. ജിജേഷ് കുമാർ, നഗരസഭ കൗൺസിലർമാർ, വിവിധ രാഷ്ട്രീയ കക്ഷി പ്രതിനിധികൾ എന്നിവരാണ് സ്ഥലം സന്ദർശിച്ചത്.

## ജനസൗഹൃദമായി രജിസ്ട്രേഷൻ വകുപ്പ് ഡിജിറ്റലൈസേഷൻ വേഗതയിൽ : വി എൻ വാസവൻ

രജിസ്ട്രേഷൻ വകുപ്പിൽ ആധുനിക വത്ക്കരണവും ഡിജിസ്റ്റലൈസേഷനും നടപ്പിലക്കികൊണ്ട് ജനങ്ങൾക്ക് മികച്ച സേവനം ഉറപ്പാക്കുകയാണന്ന് മന്ത്രി വി. എൻ വാസവൻ ധനാഭ്യർത്ഥന ചർച്ചയ്ക്കുള്ള മറുപടിയിൽ പറഞ്ഞു.

കഴിഞ്ഞ സർക്കാർ തുടക്കമിട്ട പദ്ധതികൾ നടപ്പിലാക്കുന്നതിനൊപ്പം ആധുനികവത്കരണങ്ങളിലേക്കും വകുപ്പ് കടന്നു. രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾ അന്നുതന്നെ പോക്ക് വരവ് ചെയ്തുകൊടുക്കുന്ന രീതിയിലുള്ള ക്രമീകരണങ്ങൾ വരുത്തും. സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നതിനായി സബ് രജിസ്ട്രാർ ഓഫീസുകളിൽ ഫയൽ ഓൺലൈനിലൂടെ ചെയ്യുന്ന ഫയൽ ഗഹാനുകൾ പൂർണ്ണമായും ഓൺലൈനിലൂടെ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുകയുണ്ടായി.ആധാരമെഴുത്തുകാരുടെ തൊഴിൽ നഷ്ടപ്പെടാതെ ടെംപ്ലേറ്റ് നടപ്പിലാക്കുമെന്നും മന്ത്രി പറഞ്ഞു.

വകുപ്പ് അദ്ധ്യക്ഷ കാര്യാലയത്തിലും 14 ജില്ലാ രജിസ്ട്രാർ ഓഫീസുകളിലും ഇഓഫീസ് സംവിധാനത്തിലായി. അതോടൊപ്പം രജിസ്ട്രേഷൻ വകുപ്പിന്റെ കീഴിലുള്ള എല്ലാ ഓഫീസുകളിലെയും ഇന്റർനെറ്റ് സംവിധാനം കാര്യക്ഷമമാക്കുന്നതിനായി ബി.എസ്.എൻ.എല്ലുമായി സഹകരിച്ചു കൊണ്ട് ഒപ്റ്റിക്കൽ ഫൈബർ സർക്യൂട്ടുകൾ സ്ഥാപിച്ചു കഴിഞ്ഞു.

ഒരു സബ് രജിസ്ട്രാർ ഓഫീസിലെ ആധാരം ആ ജില്ലയിലെ ഏത് സബ് രജിസ്ട്രാർ ഓഫീസിലും രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം. വാണിജ്യ ബാങ്കുകളിൽ നിന്നും ചെറു വ്യവസായവായ്പകളും വ്യക്തിഗത വായ്പകളും ലഭിക്കുന്നതിനാവശ്യമായ കരാറുകൾക്ക് ഇസ്റ്റാമ്പിംഗ് സൗകര്യമുപയോഗിച്ച് പൂർണ്ണമായി ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റുന്ന ഡിജിറ്റൽ ഡോക്യുമെന്റ് ഏക്സിക്യൂഷൻ പ്ളാറ്റ്ഫോം നടപ്പിലാക്കി.

ഡിജിറ്റൽ സാങ്കേതിക വിദ്യയിലൂടെ ആധാരം തയ്യാറാക്കുകയും ആധാരകക്ഷികളുടെ വിരൽപ്പതിപ്പും ഫോട്ടോയും ഡിജിറ്റലായി തന്നെ ആധാരത്തിന്റെ ഭാഗമാക്കിക്കൊണ്ട് ആധാര രജിസ്ട്രേഷൻ നടപടികൾ ലളിതവൽക്കരിക്കുന്നതിനും, രജിസ്റ്റർ ചെയ്ത ആധാരം അന്നേ ദിവസം തന്നെ മടക്കി നല്കുന്നതിനുമുള്ള നടപടികളായി. സബ് രജിസ്ട്രാർ ഓഫിസുകളിലെ മുൻ ആധാര വിവരങ്ങളുടെ ആധാരപ്പകർപ്പുകൾ ഓൺലൈനായി നല്കുന്നതിനുള്ള സൗകര്യം പരീക്ഷണാടിസ്ഥാനത്തിൽ തിരുവനന്തപുരം കൊല്ലം ജില്ലകളിൽ നടപ്പിലാക്കി കഴിഞ്ഞു.

സംസ്ഥാനത്തെ വിവിധ സബ് രജിസ്ട്രാർ ഓഫീസുകളും പുതിയ കെട്ടിടങ്ങളിലേക്ക് മാറി.



# കൊല്ലത്ത് തീപിടിത്തം തുടർക്കഥ



**കൊല്ലം:** നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ തീപിടിത്തം തുടർക്കഥയായി. എല്ലായിടത്തും കൃത്യസമയത്ത് എത്താൻ കഴിയാതെ ഫയർഫോഴ്സും ബുദ്ധിമുട്ടുന്നു. അധികൃതരുടെയും ആൾക്കാരുടെയും അനാസ്ഥയാണ് തീപിടിത്തത്തിൻറെ പ്രധാന കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

വാടി കടപ്പുറത്ത് ലേലഹാളിന് സമീപത്തെ മാലിന്യ കൂമ്പാരത്തിന് തീപിടിക്കുന്നത് നിത്യ സംഭവമായി മാറിക്കഴിഞ്ഞു.

ഇവിടെ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്നത് നീക്കം ചെയ്യാൻ അധികൃതർ മുൻകൈ എടുക്കാത്തതാണ് തുടരെയുള്ള തീപിടുത്തത്തിന് കാരണം. ദിനംപ്രതി നൂറ് കണക്കിന് ആളുകൾ വന്നുപോകുന്ന ഈ ലേലഹാളും പരിസരവും മാലിന്യം കൊണ്ട് നിറഞ്ഞ നിലയിലാണ് വലിച്ചെറിയുന്ന ഒരു സിഗരറ്റ് കുറ്റി മതി ഈ ഭാഗത്ത് തീ ആളിപ്പടരാൻ. ഈ ഭാഗത്ത് മാലിന്യം കുന്ന് കൂടുന്നത് നീക്കം ചെയ്യണമെന്ന് പലതവണ ബന്ധപ്പെട്ട അധികാരികളെ അറിയിച്ചെങ്കിലും നാളിതുവരെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. അധികൃതർ ഈ ഭാഗത്ത് തിരിഞ്ഞ് നോക്കാറില്ല എന്നാണ് ലേലഹാളിൽ എത്തുന്നവർ പറയുന്നത്.

ഒരോ തവണയും തീ പടരുമ്പോഴും ചാമക്കടയിലും കടപ്പാക്കടയിലും നിന്നാണ് ഫയർ യൂണിറ്റുകൾ എത്താറുള്ളത്. മണിക്കൂറുകൾ പരിശ്രമിച്ചാണ് മിക്കപ്പോഴും തീ കെടുത്താൻ കഴിയുന്നത്. തുടർച്ചെയുള്ള തീപിടുത്തം ഫയർ ഫോഴ്സ് ഉദ്യോഗസ്ഥർക്കും ഏറെ ബുദ്ധിമുട്ടുണ്ടാക്കുന്നു. പലതവണ ഈ ഭാഗത്ത് തീ പടരുമ്പോഴും നാലും അഞ്ചും യുണിറ്റുകൾ എത്തി മണിക്കൂറുകൾ സമയമെടുത്താണ് തീയണയ്ക്കുന്നത്. അതെസമയം മറ്റ് വീടുകളിലോ സ്ഥാപനങ്ങളിലോ തീപിടിച്ചാൽ പോകാൻ പറ്റാത്ത അവസ്ഥയാണെന്നാണ് ഉദ്യോഗസ്ഥർ പറയുന്നത്.

മൊത്തം യുണിറ്റിലെ വെള്ളം തീർന്നാലും ഈ ഭാഗത്തെ തീയണയ്ക്കാൻ പറ്റാത്ത അവസ്ഥയുണ്ടെന്ന് ഫയർ ഫോഴ്സ് അധികൃതർ ചൂണ്ടിക്കാട്ടി. അതിനാൽ വാടി ലേലഹാളിനും പരിസരത്തും കുന്നു കുടുന്ന മാലിന്യം എത്രയുംവേഗം നീക്കം ചെയ്ത് തുടരെയുള്ള തീപിടിത്തം ഒഴിവാക്കണമെന്നാണ് ലേല ഹാളിൽ എത്തുന്നവരും പ്രദേശവാസികളും ആവശ്യപ്പെടുന്നത്. കോർപ്പറേഷൻ അധികൃതർ മാലിന്യം നീക്കം ചെയ്യാത്തത് കാരണം ഇവിടെ അസഹ്യമായ ദുർഗന്ധവും അനുഭവപ്പെടുന്നു. ഇന്നലെ രാവിലെ ഒന്പതോടെ ആണ്ടാമുക്കം പ്രൈവറ്റ് ബസ് സ്റ്റാൻഡിലെ കൂട്ടിയിട്ടിരുന്ന ചപ്പുചവറുകൾക്ക് തീപിടിച്ചത് യാത്രക്കാരെ പരിഭ്രാന്തിയിലാക്കി.

സ്റ്റാൻഡിന് തൊട്ടടുത്തെ വയൽപുരയിടത്തിലാണ് തീപിടിത്തമുണ്ടായത്. ഇവിടെ ചപ്പുചവറുകൾ വൻതോതിൽ കൂട്ടിയിട്ടിരുന്നു. അധികൃതർ ഇത് നീക്കം ചെയ്യാനോ മറ്റോ നടപടി എടുത്തിരുന്നില്ലെന്ന് നാട്ടുകാർ ആരോപിക്കുന്നു. കൊല്ലത്തുനിന്നും നാലു യൂണിറ്റ് ഫയർഫോഴ്സ് എത്തി ഏറെ നേരം പരിശ്രമിച്ചാണ് തീ നിയന്ത്രവിധേയമാക്കാനായത്.

# ഗോഡുഗോ ടാക്സി ബുക്കിംഗ് ആപ്പിന്റെ ഉദ്ഘാടനം ഇന്ന്

**കൊച്ചി :** കോയമ്പത്തൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് സംരംഭമായ ഗോഡുഗോ ട്രാവൽ സൊല്യൂഷൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഗോഡുഗോ എന്ന ടാക്സി ബുക്കിംഗ് ആപ്പിന്റെ കേരളത്തിലെ പ്രവർത്തനോദ്ഘാടനം ഇന്ന് രാവിലെ 11ന് ലുലു മാരിയറ്റ് ഹോട്ടലിൽ കൊച്ചിൻ പോർട് ട്രസ്റ്റ് ചെയർപേഴ്സൺ ഡോ. എം.ബീന ഐ.എ.എസ്, എറണാകുളം ജില്ലാ കളക്ടർ ഡോ.രേണു രാജ് ഐ.എ.എസ് ,ചലച്ചിത്രതാരം ഭാവന, എഴുത്തുകാരി കെ.എ ബീന, ഇന്ത്യൻ എയർഫോഴ്സ് മുൻ പൈലറ്റ് ശ്രീവിദ്യ രാജൻ, കമ്പനി മാനേജിംഗ് ഡയറക്ടർ ഐ. ക്ലാരിസ്സ, ഡയറക്ടർ കെയ്റ്റ്‌ലിൻ മിസ്റ്റിക്കാ എന്നിവർ ചേർന്ന് നിർവ്വഹിക്കും.



# കബനിയിലും വരൾച്ച

**പുൽപള്ളി:** മുള്ളൻകൊല്ലി, പുൽപള്ളി പഞ്ചായത്തുകൾ ശുദ്ധജലത്തിനും അതിർത്തി പാടങ്ങളിലെ ജലസേചനത്തിനും ആശ്രയിക്കുന്ന കബനി നദിയിൽ ജലനിരപ്പ് അതിവേഗം താഴുന്നു. ഒരാഴ്ചയ്ക്കിടെ പുഴയിൽ 4 അടി വെള്ളം കുറഞ്ഞു. പാറക്കൂട്ടങ്ങൾ തെളിഞ്ഞ് പുഴ നടന്നുകയറാവുന്ന അവസ്ഥയിലെത്തി. ഒരുമാസം മുൻപുവരെ മഴ പെയ്ത നാട് വേനൽച്ചൂടിൽ വെന്തുരുകുകയാണ്. ബീച്ചനഹള്ളി അണക്കെട്ടിന്റെ റിസർവോയറാണ് അതിർത്തിയിൽ ബൈരക്കുപ്പ വരെ കയറികിടക്കുന്നത്. അണക്കെട്ടിലെ വെള്ളം കൃഷിക്കും കുടിവെള്ളത്തിനുമായി കർണാടക കൂടുതലായി ഉപയോഗിച്ചു തുടങ്ങിയതോടെയാണ് ജലനിരപ്പ് കാര്യമായി കുറയുന്നത്.

കബനിയുടെ മറുകരയിൽ ബൈരക്കുപ്പ പഞ്ചായത്തിലെ എല്ലാ പമ്പ്ഹൗസുകളും നിർത്താതെ പ്രവർത്തിക്കുന്നുണ്ട്. കൃഷി, ശുദ്ധജല ആവശ്യത്തിനു ലക്ഷക്കണക്കിന് ലീറ്റർ വെള്ളം വേണ്ടിവരുന്നു. കൊടും വരൾച്ച നേരിടുന്ന എച്ച്ഡി കോട്ട, നഞ്ചൻകോട് താലൂക്കിനും ആശ്രയം കബനിയിലെ ജലമാണ്. പുഴയിൽ ജലനിരപ്പ് കൂടുതൽ താഴ്ന്നാൽ പമ്പിങ് മുടങ്ങുമെന്ന ആശങ്കയുണ്ട്. നിലവിൽ 2 മോട്ടറുകൾ മുഴുവൻ സമയത്തും പ്രവർത്തിപ്പിച്ചാണ് 2 പഞ്ചായത്തിലേക്കും ജലമെടുക്കുന്നത്. പുൽപള്ളിക്കുമാത്രം 10 ലക്ഷം ലീറ്റർ പ്രതിദിനം വേണം.

പമ്പ്ഹൗസിലെ കിണറിലേക്ക് വെള്ളമെത്തുന്ന ചാനലിലെ ചളി കോരി നീക്കേണ്ടതുണ്ട്. അതിനു ശേഷവും വെള്ളം കുറഞ്ഞാൽ താൽക്കാലിക തടയണ നിർമിച്ച് പുഴയിൽ ജലനിരപ്പ് ഉയർത്തേണ്ടി വരും. കഴിഞ്ഞ ഏതാനും വർഷമായി തടയണ നിർമിക്കേണ്ടി വേണ്ടിവന്നില്ല. വേനൽമഴ പെയ്യാതിരിക്കുകയും കർണാടക ജല ഉപയോഗം വർധിപ്പിക്കുകയും ചെയ്താൽ പ്രതിസന്ധി രൂക്ഷമാകും. ശുദ്ധജല വിതരണം മുടങ്ങാതിരിക്കാൻ ഇപ്പോൾ തന്നെ ജീവനക്കാർ രാപകൽ ജോലി ചെയ്യേണ്ടി വരുന്നു.

ചോർച്ചയുണ്ടായാൽ രാത്രി തന്നെ പരിഹരിക്കണം. ശുദ്ധജലം ദുരുപയോഗപ്പെടുത്തുന്നവർക്കെതിരെ ജലവിഭവ വകുപ്പ് മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. പൊതുടാപ്പുകളിൽ നിന്ന് പൈപ്പിട്ട് വെള്ളമെടുത്താൽ ടാപ്പ് ഒഴിവാക്കാനാണു തീരുമാനം. എല്ലാ വീടുകളിലും ശുദ്ധജലമെത്തിക്കാനുള്ള ജലജീവൻ മിഷൻ പദ്ധതിയുടെ നിർമാണം ഒരാഴ്ച മുൻപു മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്തിരുന്നു.

ഈ പദ്ധതി പ്രകാരം പുതിയ പമ്പ്ഹൗസ്, സംഭരണികൾ, പൈപ്പ് ലൈനുകൾ എന്നിവയെല്ലാം നിർമിക്കും. നിലവിലുള്ള പമ്പിങ് സ്റ്റേഷനു പുറമേ കബനിയിൽ നിന്നു പ്രതിദിനം 10 ലക്ഷം ലീറ്റർ വെള്ളമെടുക്കാവുന്ന പുതിയ കിണറും നിർമിക്കും. കാരാപ്പുഴ അണക്കെട്ടിൽ നിന്നു പുൽപള്ളി, പൂതാടി, നെന്മേനി, അമ്പലവയൽ പഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കും.

# കത്തുന്ന വേനലിലും കർണാടക ഇഞ്ചിപ്പാടങ്ങൾ സജീവം



**പുൽപള്ളി:** കൊടും ചൂടിനെ അവഗണിച്ചും കർണാടകയിലെ ഇഞ്ചിപ്പാടങ്ങളിൽ കൃഷി സജീവം. പാട്ടത്തിനെടുത്ത സ്ഥലത്ത് കുഴൽകിണർ നിർമിച്ച് ജലലഭ്യത ഉറപ്പുവരുത്തിയ ശേഷമാണ് കർഷകർ കൃഷിയാരംഭിച്ചത്.മണ്ണിളക്കി പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷമാണ് നടീലിനുള്ള കളംവെട്ടുന്നത്. വിത്ത്,വളം. പുതയിടാനുള്ള വൈയ്ക്കോൽ എന്നിവയെല്ലാം സ്ഥലത്തെത്തിച്ച ശേഷമാണ് നടീലാരംഭിക്കുക. 3 വർഷത്തെ കൃഷിനഷ്ടം സഹിക്കാനാവാതെ പലരും കൃഷിയുപേക്ഷിച്ചു. കടക്കെണിയിലകപ്പെട്ടവർക്ക് കൃഷി തുടരാനാവാത്ത സ്ഥിതി.

ഇക്കൊല്ലം മെച്ചപ്പെട്ട വിലയുണ്ടാവുമെന്ന കണക്കുകൂട്ടലും തെറ്റി. വർഷാവർഷം വർധിക്കുന്ന കൃഷി ചെലവനുസരിച്ചുള്ള ഉദ്പാദന വർധനയോ, വരുമാനമോ കർഷകർക്കില്ല. എല്ലാ വർഷവും പാട്ടം ഉയരുന്നു. കൂലി വർധന, മരുന്ന്, പൈപ്പ് ഫിറ്റിങ്സ്, വിത്ത് എന്നിവയുടെ വിലക്കയറ്റവും കൃഷിക്കാർക്ക് തിരിച്ചടിയായി. വർഷങ്ങളായി കൃഷിയിൽ നിലനിൽക്കുന്നവർ മറ്റുതൊഴിലില്ലാത്തതിനാൽ വീണ്ടും കൃഷിക്കിറങ്ങുന്നു. വിട്ടുപോയാൽ പിന്നെ കൃഷിയിലേക്ക് മടങ്ങിയെത്താനാവില്ല. നിലവിൽ ഉപയോഗിക്കുന്ന ലക്ഷങ്ങളുടെ സാമഗ്രികളും നശിച്ചുപോകും.

വയനാടൻ സമ്പദ് ഘടനയുടെ മുഖ്യഭാഗം കർണാടക ഇഞ്ചികൃഷിയുടേതാണ്. കൃഷിക്ക് മങ്ങലേറ്റാൽ ജില്ലയിലെ സകല ഇടപാടുകൾക്കും ദോഷംസംഭവിക്കുന്നു.ഇഞ്ചി കൃഷിയിൽ നന്നായവരും നശിച്ചവരും നാടുവിട്ടവരും വയനാട്ടിലുണ്ട്. മുൻകാലങ്ങളിൽ വയനാട്ടിൽ നിന്നായിരുന്നു ഇഞ്ചികൃഷിക്ക് തൊഴിലാളികളെത്തിയിരുന്നത്.

ഇപ്പോൾ കൃഷിമേഖലയിൽ തന്നെ തൊഴിലാളികളെ കിട്ടുന്നുണ്ട്. കരാർതൊഴിലാളികളാണ് നടീലും കളയെടുപ്പും വിളവെടുപ്പുമെല്ലാം നടത്തുന്നത്.

വർഷാവർഷം കർണാടക ഗ്രാമങ്ങളിൽ പാട്ടകർഷകരിറക്കുന്നത് കോടികളാണ്.വികസനം കടന്നു ചെല്ലാത്ത കുഗ്രാമങ്ങളുടെ മുഖച്ഛായ തന്നെ മാറി.

എന്നാൽ പാട്ടകർഷകർക്ക് സർക്കാരിന്റെ ഒരു സഹായവും ലഭിക്കുന്നില്ല. കർണാടകയിൽ വൻമുതൽമുടക്കിറക്കുന്ന പാട്ടകർഷകർക്ക് കൃഷി ആനുകൂല്യങ്ങൾ നൽകണമെന്നാവശ്യപ്പെട്ട് സംഘടനകൾ സർക്കാരിനെ സമീപിച്ചിരുന്നു.

# ബ്രഹ്മപുരം തീപിടിത്തം: പുക ഉയരുന്നത് രണ്ടുദിവസത്തിനകം ഇല്ലാതാക്കാൻ കഴിയും: കളക്ടർ

**കൊച്ചി:** ബ്രഹ്മപുരത്തെ മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്ന് പുക ഉയരുന്നത് രണ്ടു ദിവസത്തിനകം പൂർണമായി പരിഹരിക്കാനാകുമെന്ന് ജില്ലാ കളക്ടർ ഡോ. രേണു രാജ്. തീയണയ്ക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാനായി ജില്ലാ മെഡിക്കൽ ഓഫീസിന്റെ നേതൃത്വത്തിൽ ബ്രഹ്മപുരത്ത് ആരംഭിച്ച മെഡിക്കൽ ക്യാംപ് സന്ദർശിക്കുകയായിരുന്നു കളക്ടർ. തീയും പുകയും പൂർണമായി അണയ്ക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി തുടരുകയാണ്. പുക ശമിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത്. മറ്റു ജില്ലകളിൽ നിന്നുള്ള അഗ്നിരക്ഷാ സേനാംഗങ്ങൾ ഉൾപ്പെടെ 30 ഫയർ ടെൻഡറുകളും 12 ഹിറ്റാച്ചികളും ഉപയോഗിച്ചാണ് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്.



കൂടാതെ നേവിയുടെയും വ്യോമസേനയുടെയും സംഘങ്ങളുമുണ്ട്.വ്യോമസേനയുടെ സൊലൂർ സ്റ്റേഷനിൽ നിന്നുള്ള എംഐ 17 വി5 ഹെലികോപ്ടറാണ് ബ്രഹ്മപുരത്ത് തീയും പുകയും അണയ്ക്കുന്നതിന് വെള്ളം മുകളിൽ നിന്ന് പമ്പ് ചെയ്യുന്നതിനായി എത്തിയത്. ഒന്നര മണിക്കൂർ വ്യോമസേനയുടെ ഓപ്പറേഷൻ തുടർന്നു.

ആറ് ഷട്ടിലുകളിലായി 10,800 ലിറ്റർ വെള്ളമാണ് ഒഴിച്ചത്. എഫ് എ സി ടിയുടെ റിസർവോയറിൽ നിന്നാണ് ജലമെടുത്തത്. മാലിന്യക്കൂമ്പാരം ഇളക്കിക്കൊണ്ട് അകത്തേക്ക് വെള്ളം പമ്പ് ചെയ്യുകയാണ്. താഴെ നിന്ന് പുകയണയ്ക്കാൻ കാറ്റ് അനുകൂലമല്ലാത്ത സമയങ്ങളിൽ നേവിയുടെയും വ്യോമസേനയുടെയും ഹെലികോപ്ടറുകളിൽ മുകളിൽ നിന്നു വെള്ളം പമ്പ് ചെയ്യുന്നു.

ആറു ദിവസമായി തുടർച്ചയായി ജോലി ചെയ്തുവരുന്ന ജീവനക്കാരാണ് ഇവിടെയുള്ളത്. പരിശീലനം നേടിയ വിദഗ്ധരായവർക്ക് മാത്രമേ ഇത്തരത്തിലുള്ള ജോലി ചെയ്യാൻ കഴിയൂവെന്നും കളക്ടർ പറഞ്ഞു. ഇതുവരെ പുക മൂലമുള്ള ആരോഗ്യപ്രശ്നങ്ങൾ കാര്യമായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ശ്വാസകോശ സംബന്ധമായ രോഗങ്ങളുള്ളവർ, 12 വയസിനു താഴെയുള്ള കുട്ടികൾ, ഗർഭിണികൾ എന്നിവർ പ്രത്യേകം ജാഗ്രത പാലിക്കണമെന്നും കളക്ടർ അഭ്യർഥിച്ചു.



# ബ്രഹ്മപുരത്ത് മെഡിക്കൽ ക്യാംപ് തുടങ്ങി

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലെ തീയണയ്ക്കലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ആരോഗ്യ സംരക്ഷണം ഉറപ്പാക്കാനായി പ്ലാന്റിനു സമീപത്ത് മെഡിക്കൽ ക്യാംപ് പ്രവർത്തനമാരംഭിച്ചു. 24 മണിക്കൂറും മെഡിക്കൽ ടീമിന്റെ സേവനമുണ്ടാകും. ഫയർ ആന്റ് റെസ്ക്യൂ സേനാംഗങ്ങൾക്കും മറ്റ് ജീവനക്കാർക്കും ഏതെങ്കിലും വിധത്തിലുള്ള ആരോഗ്യ പ്രശ്നങ്ങളുണ്ടോ എന്ന് പരിശോധിക്കുന്നുണ്ട്. നാല് ഡോക്ടർമാർ ഷിഫ്റ്റ് അടിസ്ഥാനത്തിൽ സേവനം നൽകും. പാരാമെഡിക്കൽ സ്റ്റാഫും എമർജൻസി മെഡിക്കൽ ടെക്നീഷ്യൻ നഴ്സുമാരും സേവനത്തിനുണ്ടാകും.

രണ്ട് ആംബുലൻസുകളാണ് ക്രമീകരിച്ചിരിക്കുന്നത്. എറണാകുളം ജനറൽ ആശുപത്രിയിൽ നിന്നുള്ള ആംബുലൻസിൽ രണ്ട് ഓക്സിജൻ പാർലറുകൾ സജ്ജീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ ആംബുലൻസിൽ മെഡിക്കൽ സംഘമാണുള്ളത്. ജീവനക്കാർക്ക് ആരോഗ്യപ്രശ്നങ്ങളുണ്ടായാൽ വിദഗ്ധ ചികിത്സ ലഭ്യമാക്കുന്നതിനുള്ള സജ്ജീകരണങ്ങൾ ആംബുലൻസിലുണ്ടാകും. ആശുപത്രികളിലേക്ക് രോഗികളെ മാറ്റേണ്ട സാഹചര്യമുണ്ടായാൽ അതിനുള്ള ക്രമീകരണവും ഏർപ്പെടുത്തി. വടവുകോട് സാമൂഹികാരോഗ്യ കേന്ദ്രം, തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, എറണാകുളം ജനറൽ ആശുപത്രി, കളമശേരി മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ പ്രത്യേക ക്രമീകരണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അടിയന്തര സാഹചര്യമുണ്ടായാൽ രോഗികളെ ഈ ആശുപത്രികളിലെത്തിക്കും. നേരത്തേ ബ്രഹ്മപുരം മാലിന്യപ്ലാന്റിനു സമീപത്തെ കെഎസ്ഇബിയുടെ ട്രാൻസ്മിഷൻ സ്റ്റേഷനിലെ ജീവനക്കാർക്കായി മെഡിക്കൽ ക്യാംപ് നടത്തിയിരുന്നു. സ്റ്റേഷനിലെ 40 ജീവനക്കാർക്ക് വൈദ്യ പരിശോധന നടത്തി. ശ്വാസകോശ സംബന്ധമായ പ്രശ്നങ്ങളുണ്ടോ എന്നാണ് പരിശോധിച്ചത്. ആവശ്യമായ മരുന്നുകളും നൽകി. രക്തസമ്മർദം, പ്രമേഹം എന്നീ പരിശോധനകളും ക്യാംപിൽ ലഭ്യമാക്കി.

ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എസ്. ശ്രീദേവിയുടെ നേതൃത്വത്തിലാണ് ക്യാംപ് ആരംഭിച്ചത്. അഡീഷണൽ ഡിഎച്ച്എസ് ഡോ. വി. ജയശ്രീ സ്ഥലത്ത് ക്യാംപ് ചെയ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ഡോ. വിവേക് പൗലോസ്, ഡോ. അമിത, ഡോ. അനീഷ് ബേബി, ഡോ. ഷാബ് ഷെറീഫ് എന്നിവരുടെ നേതൃത്വത്തിലാണ് ക്യാംപ് പ്രവർത്തിക്കുന്നത്. ജില്ലാ കളക്ടർ ഡോ. രേണു രാജ് മെഡിക്കൽ ക്യാംപിലെത്തി പ്രവർത്തനങ്ങൾ വിലയിരുത്തി.

# വായുവിന്റെ ഗുണനിലവാരം അളക്കാൻ നിരീക്ഷണ വാഹനം

**കൊച്ചി:** ബ്രഹ്മപുരം മാലിന്യപ്ലാന്റിലുണ്ടായ തീപിടിത്തത്തെ തുടർന്നുള്ള സാഹചര്യത്തിൽ പരിസര പ്രദേശങ്ങളിലെ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള മൊബൈൽ വാഹനം സിവിൽ സ്റ്റേഷനിലെത്തി. ജില്ലാ കളക്ടർ ഡോ. രേണു രാജ് വാഹനം സന്ദർശിച്ച് പ്രവർത്തനം വിലയിരുത്തി.



കോട്ടയം മഹാത്മാ ഗാന്ധി സർവകലാശാലയിലെ എൻവയോൺമെന്റൽ സയൻസ് വിഭാഗത്തിൽ നിന്നുള്ള ആംബിയന്റ് എയർ ക്വാളിറ്റി മോണിറ്ററിംഗ് വാൻ ആണ് എത്തിയത്. അസിസ്റ്റന്റ് പ്രൊഫസർ ഡോ. മഹേഷ് മോഹന്റെ നേതൃത്വത്തിലാണ് പരിശോധന നടത്തുന്നത്.

പിഎച്ച്ഡി വിദ്യാർഥിയായ എൻ.ജി. വിഷ്ണു, എംഎസ്‌സി വിദ്യാർഥിയായ ആൽബിൻ ഷാജൻ എന്നിവരാണ് വാഹനത്തിലുള്ളത്. മൂന്ന് ദിവസം വായുവിന്റെ ഗുണനിലവാരം നിരീക്ഷിച്ച ശേഷം ഇതു സംബന്ധിച്ച റിപ്പോർട്ട് ജില്ലാ കളക്ടർക്ക് നൽകും. ആദ്യ ദിവസം സിവിൽ സ്റ്റേഷനിലാണ് വാഹനം തങ്ങുന്നത്. അടുത്ത ദിവസം മറ്റിടത്തേക്ക് മാറ്റും. അന്തരീക്ഷത്തിലെ ഹരിത വാതകങ്ങളുടെ നിലയറിയാനുള്ള ഫീൽഡ് ഗ്യാസ് അനലൈസറും വാഹനത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. എം.ജി. സർവകലാശാല എൻവയോൺമെന്റ് സയൻസ് വിഭാഗത്തിലെ പ്രൊഫ. ഇ.വി. രാമസ്വാമിയുടെ നേതൃത്വത്തിലാണ് ഹരിത വാതകങ്ങളുടെ തോത് അളക്കുന്നത്.ദക്ഷിണേന്ത്യയിൽ എം.ജി. സർവകലാശാലയിൽ മാത്രമാണ് ഇത്തരത്തിൽ അന്തരീക്ഷ വായുവിന്റെ ഗുണനിലവാരം നിരീക്ഷിക്കുന്നതിനുള്ള മൊബൈൽ വാഹന സൗകര്യമുള്ളത്. നാലു വർഷം മുൻപാണ് സർവകലാശാല വാഹനം വാങ്ങിയത്.



# സ്ത്രീകളുടെ സമഗ്രമായ ഹൃദയാരോഗ്യം: വിമൻസ് ഹാർട്ട് സെന്ററുമായിആസ്റ്റർ മെഡ്സിറ്റി

**കൊച്ചി :**സ്ത്രീകൾക്കായി വിമൻസ് ഹാർട്ട് സെന്ററുമായി ആസ്റ്റർ മെഡ്സിറ്റി . സ്ത്രീകളുടെ ഹൃദയാരോഗ്യം സംരക്ഷിക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഏറ്റവും സമഗ്രമായ കേന്ദ്രമാണ് വിമൻസ് ഹാർട്ട് സെന്റർ. ഹൃദയസംബന്ധമായ രോഗങ്ങളുടെ പ്രതിരോധം, രോഗനിർണയം, ചികിത്സ, പുനരധിവാസം, ഗവേഷണം എന്നിവയുൾപ്പെടെ നിരവധി സേവനങ്ങൾ ഈ സെന്റർ ഉറപ്പാക്കുമെന്ന് ആസ്റ്റർ അധികൃതർ വ്യക്തമാക്കി.സ്ത്രീകളിലെ ഹൃദയാഘാതം, ഗർഭാവസ്ഥയിലെ ഹൃദയ സംബന്ധമായ അസുഖങ്ങൾ, പ്രായപൂർത്തിയായവരിലെ കോൺജെനിറ്റൽ ഹൃദ്രോഗങ്ങൾ, ഹൃദ്രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പ്രസവാനന്തരം, ആർത്തവവിരാമം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിച്ച് സ്ത്രീകൾക്കുള്ള പ്രിവന്റീവ് ഹാർട്ട് ചെക്കപ്പുകൾ എന്നിവയാണ് സെന്ററിലെ പ്രധാന സേവനങ്ങൾ. വാതരോഗ വൈകല്യങ്ങളുള്ള സ്ത്രീകളിലെ ഹൃദയാരോഗ്യം, നാഡി വൈകല്യങ്ങളും മാനസിക വെല്ലുവിളികളും നേരിടുന്ന സ്ത്രീകളിലേ ഹൃദ്രോഗ സംബന്ധമായ രോഗങ്ങളുടെ വിലയിരുത്തലുകളും നിയന്ത്രണവും സെന്ററിൽ ഉൾപ്പെടും.ഹൃദ്രോഗം മൂലം ഇന്ത്യയിൽ ഒരുപാട് സ്ത്രീകൾ മരിക്കുന്നുണ്ട്. കൃത്യമായി രോഗലക്ഷണങ്ങളും അപകടസാധ്യതകളും തിരിച്ചറിയുകയും ജീവിതശൈലിയിൽ മാറ്റം വരുത്തുകയും സമയബന്ധിതമായ പരിചരണം ലഭിക്കുകയും ചെയ്യുന്നത് ഒരു സ്ത്രീയുടെ ജീവൻ രക്ഷിക്കുകയും അതുവഴി കുടുംബത്തിന്റെയും സമൂഹത്തിന്റെയും മൊത്തത്തിലുള്ള സംരക്ഷണത്തിനും വഴിവെക്കും. സ്ത്രീകളുടെ ഹൃദയാരോഗ്യം സംരക്ഷിക്കുന്ന ഈ പുതിയ കേന്ദ്രം ഉദ്ഘാടനം ചെയ്യാൻ സാധിച്ചതിൽഅതിയായ സന്തോഷമുണ്ടെന്ന് വിമൻസ് ഹാർട്ട് സെന്റർ ഉദ്ഘാടനം ചെയ്തുകൊണ്ട് വി സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ് സ്ഥാപകയും ചെയർപേഴ്സണും മാനേജിംഗ് ഡയറക്ടറുമായ ഷീല ഗ്രേസ് കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി പറഞ്ഞു.സ്ത്രീകളുടെ ഹൃദയാരോഗ്യത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന വിദഗ്ദരായ കാർഡിയോളജി വിഭാഗം ഡോ. ടെഫി ജോസ് , ഗ്രോൺ അപ്പ് കോൺജെനിറ്റൽ ഹാർട്ട് ഡിസീസ് സ്പെഷ്യലിസ്റ്റ് ഡോ. അന്നു ജോസ് . ഒബ്സ്റ്റട്രിക്സ് ആൻഡ് ഗൈനക്കോളജി വിഭാഗം ഡോ. എസ്. മായാദേവി കുറുപ്പ്, ഡോ. സറീന എ ഖാലിദ്, അനസ്തേഷ്യോളജി വിഭാഗം ഡോ. ജ്യോതി ലക്ഷ്മി നായർ, റുമറ്റോളജി വിഭാഗം ഡോ. നയൻതാര ഷേണായി സൈക്യാട്രി ആൻഡ് കൗൺസിലിംഗ് വിഭാഗം ഡോ. നമിത എം. ദാസ് പോഷകാഹാരവും ഭക്ഷണക്രമം വിഭാഗം സൂസൻ ഇട്ടി, ഫിസിക്കൽ മെഡിസിനും റീഹാബിലിറ്റേഷൻ വിഭാഗം ടിന്റു, എന്നിവരാണ് സെന്ററിലെ മറ്റ് അംഗങ്ങൾ. കാർഡിയാക് സയൻസ് വിഭാഗത്തിൽ ആസ്റ്റർ വിമൻസ് ഹാർട്ട് സെന്റർ ചൊവ്വ, വ്യാഴം, ശനി രാവിലെ 11 മുതൽ 3 വരെ പ്രവർത്തിക്കും. ആസ്റ്റർ കാർഡിയാക് സയൻസസിലെ കാർഡിയോ ഒബ്സ്റ്റട്രിക്സ് ക്ലിനിക്കിൽ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ ഉച്ചയ്ക്ക് 1:30 മുതൽ 3 വരെയും സെന്റർ പ്രവർത്തിക്കും . അപ്പോയിന്റ്മെന്റിന് 8129274333 എന്ന നമ്പറിൽ വിളിക്കണമെന്ന് ആശുപത്രി അധികൃതർ അറിയിച്ചു



# 'പിങ്ക് ഹെൽത്ത്' അവതരിപ്പിച്ച് യൂണിയൻ ബാങ്ക്–മണിപാൽസിഗ്ന

**കൊച്ചി:** ഉപഭോക്താക്കൾക്ക് മാത്രമായി യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ മണിപാൽസിഗ്ന ഹെൽത്ത് ഇൻഷുറൻസുമായി ചേർന്ന് അന്താരാഷ്ട്ര വനിതാ ദിനത്തോട് അനുബന്ധിച്ച് സത്രീകൾക്കായി 'പിങ്ക് ഹെൽത്ത്' എന്ന പേരിൽ സ്തനാർബുദം, ഗർഭാശയ കാൻസർ, അണ്ഡാശയ അർബുദം എന്നിവയ്ക്കുള്ള പ്രത്യേക കാൻസർ കെയർ ഇൻഷുറൻസ് പദ്ധതി അവതരിപ്പിച്ചു.ബാങ്കിന്റെ എല്ലാ നിലവിലുള്ള ഉപയോക്താക്കൾക്കും പുതിയ ഉപയോക്താക്കൾക്കും നാമമാത്രമായ പ്രീമിയം നൽകി ഈ പദ്ധതിയിൽ അംഗമാകാം. ഇതിലൂടെ 10 ലക്ഷം മുതൽ 30 ലക്ഷം രൂപയ്ക്ക് വരെ ഇൻഷുറൻസ് പരിരക്ഷ നേടാവുന്നതാണെന്ന് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ മാനേജിങ് ഡയറക്ടറും സിഇഒയുമായ എ മണിമേഖലൈ പറഞ്ഞു.യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ സ്ത്രീശാക്തീകരണത്തിൽ വിശ്വസിക്കുകയും ബാങ്കുമായി ഇടപാടുകൾ നടത്തുന്നവരുടെ സാമ്പത്തിക ക്ഷേമം ഉറപ്പാക്കാനായി മണിപാൽസിഗ്ന ഹെൽത്ത് ഇൻഷുറൻസുമായിചേർന്ന് സ്ത്രീകൾക്ക് അർബുദ ചികിത്സയ്ക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള ഇൻഷുറൻസ് പദ്ധതിയാണ് അവതരിപ്പിക്കുന്നതെന്നും എ മണിമേഖലൈ പറഞ്ഞു.ഇന്ത്യയിലെ എല്ലാ വിഭാഗത്തിലുമുള്ള ഉപയോക്താക്കൾക്കും താങ്ങാവുന്നതും ലളിതവുമായ ഇൻഷുറൻസ് ലഭ്യമാക്കുന്നതിലാണ് മണിപാൽസിഗ്ന ശ്രദ്ധകേന്ദ്രീകരിച്ചിരിക്കുന്നതെന്നും യൂണിയൻ ബാങ്കുമായി സഹകരിക്കുന്നത് വലിയ അംഗീകാരമായി കാണുന്നുവെന്നും മണിപാൽ സിഗ്ന ഹെൽത്ത് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് മാനേജിങ് ഡയറക്ടറും സിഇഒയുമായ പ്രസൂൺ സിക്ദർ പറഞ്ഞു.

# സംസ്കൃത സർവ്വകലാശാലയിൽ അന്താരാഷ്ട്ര ശിൽപശാല ഇന്ന് തുടങ്ങും

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം സാഹിത്യ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന അന്താരാഷ്ട്ര ശിൽപശാല ഇന്നു മുതൽ പത്ത് വരെ കാലടി മുഖ്യക്യാമ്പസിൽ നടക്കുമെന്ന് സർവ്വകലാശാല അറിയിച്ചു.പ്രശസ്ത തീയേറ്റർ ആർട്ടിസ്റ്റും ഫിൻലാൻഡ് വാസ യൂണിവേഴ്സിറ്റി ഫിസിക്കൽ തിയേറ്റർ ഡീനുമായ ഡോ. മായ തൻബർഗ് ശിൽപ്പശാല ഉദ്ഘാടനം ചെയ്യും. വൈസ് ചാൻസലർ പ്രൊഫ. എം. വി. നാരായണൻ അധ്യക്ഷനായിരിക്കും. കലാമണ്ഡലം മുൻ വൈസ് ചാൻസലർ ഡോ. കെ. ജി. പൗലോസ് ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തും. കാലടി സംസ്കൃത സർവ്വകലാശാല മുൻ വൈസ് ചാൻസലർ ഡോ. ധർമ്മരാജ് അടാട്ട് രചിച്ച 'ഇന്ത്യൻ സംസ്കാരത്തിന്റെ ബഹുസ്വരത' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്യും.കൊറിയോഗ്രാഫറും പെർഫോമിംഗ് ആർട്ടിസ്റ്റുമായ ജിയോവന്ന സുമ്മോ, ഡോ. സെസാരി ഗാലെവിക്സ് (ജാഗിലോണിയൻ യൂണിവേഴ്സിറ്റി, പോളണ്ട്), ഡോ. ക്രിസ്റ്റോഫ് വിയേലെ (ലൂവെയ്ൻ യൂണിവേഴ്സിറ്റി, ബെൽജിയം), മാർഗി മധു, ഡോ. ആർ. എൽ. വി. രാമ!കൃഷ്ണൻ, ഡോ. കേശവൻ വെളുത്താട്ട്, ഡോ. സി. എം. നീലകണ്ഠൻ എന്നിവർ ശില്പശാലയിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.ഇൻഡോളജി മേഖലയിൽ നടക്കുന്ന പുതിയ ഗവേഷണങ്ങളും ചർച്ചകളും സമഗ്രമായി വിശകലനം ചെയ്യുന്നതിനുള്ള അവസരമാണ് സർവ്വകലാശാല സംസ്കൃത സാഹിത്യ വിഭാഗം ഒരുക്കുന്നത്. ഓൺലൈനായും ഓഫ്!ലൈനായും നടക്കുന്ന ഈ രാജ്യാന്തരശില്പശാലയിൽ താല്പര്യമുള്ള ആർക്കും പങ്കെടുക്കാമെന്ന് സംസ്കൃതം സാഹിത്യ വിഭാഗം മേധാവി ഡോ. കെ. ആർ. അംബിക അറിയിച്ചു.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** ആലപ്പുഴ ജനറൽ ആശുപത്രിയിലെ ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സയ്ക്ക് വിധേയമാകുന്ന രോഗികൾക്ക് സ്കാനിങ് ടെസ്റ്റുകൾ ചെയ്യുന്നതിന് താൽപര്യമുള്ള സ്ഥാപനങ്ങളിൽ നിന്ന് മുദ്രവെച്ച ടെൻഡർ ക്ഷണിച്ചു. ടെൻഡർ മാർച്ച് 28 വൈകിട്ട് മൂന്നു വരെ സ്വീകരിക്കും. സൂപ്രണ്ട്, ജനറൽ ആശുപത്രി, ആലപ്പുഴ എന്ന വിലാസത്തിൽ ടെൻഡർ നൽകണം. ഫോൺ: 0477 2253324

## ഇൻസ്ട്രക്ടർ ഒഴിവ്

**ആലപ്പുഴ:** ചെങ്ങന്നൂർ വനിത ഐ.ടി.ഐ.യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡിൽ ഇൻസ്ട്രക്ടറുടെ താൽക്കാലിക ഒഴിവുണ്ട്. യോഗ്യത: ബന്ധപ്പെട്ട വിഷയത്തിൽ എൻ.ടി.സി.യും മൂന്ന് വർഷത്തെ പ്രവൃത്തി പരിചയവും. അല്ലെങ്കിൽ എൻ.എ.സി യും ഒരു വർഷത്തെ പ്രവൃത്തി പരിചയവും. അല്ലെങ്കിൽ സിവിൽ എഞ്ചിനീയറിംഗിൽ ഡിപ്ലോമയോ, ബി.ടെക് ബിരുദമോ. താത്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ അസ്സലും ശരിപ്പകർപ്പും സഹിതം മാർച്ച് ഒമ്പതിന് രാവിലെ 10.30 മണിക്ക് കൂടിക്കാഴ്ചയ്ക്ക് പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകണം. ഫോൺ: 0479 2457496

## രേഖകൾ ഹാജരാക്കണം

**ആലപ്പുഴ:** കൈനകരി ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന അർഹരായ മുഴുവൻ ഗുണഭോക്താക്കളും റേഷൻകാർഡ്, എസ.എസ്.എൽ.സി. ബുക്ക്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, എംപ്ലോയ്മെന്റ് കാർഡ്, വേതനം കൈപ്പറ്റുന്ന കാർഡ്, ആധാർ കാർഡ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്, മെഡിക്കൽ സർട്ടിഫിക്കറ്റ് എന്നിവ സഹിതം മാർച്ച് 13, 14 തീയതികളിൽ പകൽ 11 മുതൽ നാലു വരെ പഞ്ചായത്ത് ഓഫീസിൽ ഹാജരായി പരിശോധന പൂർത്തിയാക്കണം. അല്ലാത്ത പക്ഷം തുടർന്ന് ആനുകൂല്യം ലഭ്യമാകുന്നതല്ല.

## ടെൻഡർ ക്ഷണിച്ചു

**ആലപ്പുഴ:** ചേർത്തല താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് 2023 ഏപ്രിൽ ഒന്നു മുതൽ 2024 മാർച്ച് 31 വരെ 202324 വർഷത്തേക്ക് ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുന്നതിന് ദർഘാസ് ക്ഷണിച്ചു. മാർച്ച് 15 ഉച്ചയ്ക്ക് ഒരു മണിവരെ ടെൻഡർ സ്വീകരിക്കും. ഫോൺ: 2821411.

## രേഖകൾ ഹാജരാക്കണം

**ആലപ്പുഴ:** പുറക്കാട് ഗ്രാമപഞ്ചായത്തിൽ നിന്നും തൊഴിൽ രഹിത വേതനം കൈപ്പറ്റുന്ന ഗുണഭോക്താക്കൾ രേഖകൾ പരിശോധനയ്ക്കായി എത്തണം. മാർച്ച് 13,14 തീയതികളിൽ രാവിലെ 10 മുതൽ ഒന്നു വരെ റേഷൻ കാർഡിന്റെ പകർപ്പ്, എംപ്ലോയ്മെന്റ് കാർഡ്, എസ്.എസ്.എൽ.സി. ബുക്ക്, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, രജിസ്ട്രേഷൻ കാർഡ്, ബാങ്ക് പാസ് ബുക്ക്, സത്യവാങ്മൂലം എന്നീ അസൽ രേഖകളുമായി ഗ്രാമപഞ്ചായത്ത് ഓഫീസിൽ നേരിട്ട് എത്തണം.

Society Today | സൊസൈറ്റി ടുഡേ

## വനിത രത്ന പുരസ്കാര വിതരണം ഇന്ന്

**കൊച്ചി:** സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം എന്ന മേഖലയിൽ എറണാകുളം ജില്ലയിൽ നിന്ന് വനിത രത്ന പുരസ്ക്കാരത്തിന് തിരഞ്ഞെടുക്കപ്പെട്ട ലക്ഷ്മി എൻ മേനോന് ഇന്ന് അവാർഡ് നൽകും. വൈകിട്ട് നാലിന് തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന അന്താരാഷ്ട്ര വനിത ദിന പരിപാടിയിൽ മുഖ്യമന്ത്രി പിണറായി വിജയൻ അവാർഡ്ദാനം നിർവഹിക്കും. വിവിധ മേഖലകളിൽ സ്തുത്യർഹമായ സേവനങ്ങൾ കൈവരിച്ച വനിതകൾക്ക് വനിത ശിശു വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ നൽകുന്നതാണ് വനിത രത്ന പുരസ്ക്കാരം.

## മുന്നാക്ക വിഭാഗങ്ങളിലെ പിന്നാക്കാർക്കുള്ള കമ്മീഷൻ തെളിവെടുപ്പ് 9ന്

**കൊച്ചി:** മുന്നാക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുള്ള കേരള സംസ്ഥാന കമ്മീഷൻ തൃശൂർ ഗവൺമന്റ് ഗസ്റ്റ്ഹൗസിൽ (രാമനിലയം) മാർച്ച് 9ന് രാവിലെ 10.30ന് നടത്താൻ നിശ്ചയിച്ചിട്ടുള്ള തെളിവെടുപ്പിൽ ഹർജിക്കാർക്കു പുറമേ എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലെ മുന്നാക്ക സംഘടനാ പ്രതിനിധികൾക്കും വ്യക്തികൾക്കും പങ്കെടുക്കാമെന്ന് കമ്മീഷൻ മെമ്പർ സെക്രട്ടറി അറിയിച്ചു.

## അധ്യാപക ഒഴിവ്; വാക് ഇൻ ഇന്റർവ്യൂ ഒൻപതിന്

**കൊച്ചി:** ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വ്യാകരണ വിഭാഗത്തിൽ 2022-2023 അധ്യയന വർഷത്തിലേയ്ക്ക് ഒരു അധ്യാപക ഒഴിവുണ്ട്. വേതനം മണിക്കൂർ അടിസ്ഥാനത്തിലായിരിക്കും. 'ഇൻഫർമാറ്റിക്സ്വ്യാകരണം' എന്ന വിഷയത്തിൽ ക്ലാസ്സുകൾ എടുക്കുന്നതിൽ പ്രാവീണ്യമുള്ള, സംസ്കൃതം വ്യാകരണത്തിൽ നിശ്ചിത യു. ജി. സി. യോഗ്യതയുള്ളവർക്ക് മാർച്ച് ഒൻപതിന് വ്യാഴാഴ്ച ഉച്ചയ്ക്ക് രണ്ടിന് കാലടി മുഖ്യക്യാമ്പസിലെ സംസ്കൃതം വ്യാകരണം വിഭാഗത്തിൽ നടത്തുന്ന വാക്ഇൻഇന്റർവ്യൂവിൽ അസൽ സർട്ടിഫിക്കറ്റുകളുമായി പങ്കെടുക്കാവുന്നതാണ്. യു. ജി. സി. യോഗ്യതയുള്ളവരുടെ അഭാവത്തിൽ യു. ജി. സി. യോഗ്യതയില്ലാത്തവരെയും പരിഗണിക്കുന്നതാണെന്ന് സർവ്വകലാശാല അറിയിച്ചു.

## പ്രഭാഷണം മാർച്ച് 10ന്

**കൊച്ചി:**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സ്വാമി വിവേകാനന്ദ ചെയറും സംസ്കൃതം വേദാന്തം വിഭാഗവും സംയുക്തമായി സംഘടിപ്പിക്കുന്ന വിശിഷ്ട പ്രഭാഷണ പരിപാടിയിൽ അമേരിക്കയിലെ സാൻഫ്രാൻസിസ്കോയിലുള്ള നോർത്തേൺ കാലിഫോർണിയയിലെ വേദാന്ത സൊസൈറ്റിയുടെ മിനിസ്റ്റർ ഇൻ ചാർജ്ജായ സ്വാമി തത്വമയാനന്ദ മുഖ്യപ്രഭാഷണം നടത്തുമെന്ന് സർവ്വകലാശാല അറിയിച്ചു. മാർച്ച് 10ന് രാവിലെ 10ന് കാലടി മുഖ്യക്യാമ്പസിലുള്ള യൂട്ടിലിറ്റി സെന്ററിലാണ് പ്രഭാഷണം സംഘടിപ്പിച്ചിരിക്കുന്നത്. 'ഇന്ത്യൻ പരമ്പരാഗത സമ്പ്രദായങ്ങൾ: മൾട്ടിഡിസിപ്ലിനറി വീക്ഷണങ്ങൾ' എന്നതാണ് പ്രഭാഷണ വിഷയം.

# ക്ഷീഷീരഗ്രാമം പദ്ധതി 40 പഞ്ചായത്തുകളിലേക്ക് വ്യാപിപ്പിക്കും: മന്ത്രി ചിഞ്ചുറാണി



**കൊച്ചി:** പാലുൽപ്പാദനത്തിൽ സ്വയം പര്യാപ്തത ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ അടുത്ത സാമ്പത്തികവർഷത്തിൽ 40 പഞ്ചായത്തുകളിൽ കൂടി ക്ഷീരഗ്രാമം പദ്ധതി നടപ്പാക്കുമെന്ന് ക്ഷീരവികസനമൃഗസംരക്ഷണ മന്ത്രി ജെ.ചിഞ്ചുറാണി പറഞ്ഞു. ഇടപ്പള്ളിയിൽ മിൽമ എറണാകുളം മേഖല യൂണിയൻറെ (ഇആർസിഎംപിയു) 'ഹെൽപ് ടു ഫാർമേഴ്സ്' (എച്ച്2എഫ്) ലോഗോ പ്രകാശനവും വിവിധ പദ്ധതികളുടെ ഉദ്ഘാടനവും നിർവ്വഹിക്കുകയായിരുന്നു മന്ത്രി.ക്ഷീരഗ്രാമം പദ്ധതിയിൽ തെരഞ്ഞെടുക്കപ്പെടുന്ന ഓരോ പഞ്ചായത്തിനും 50 ലക്ഷം രൂപ വീതം നൽകുമെന്നും ഈ തുക സർക്കാരും പഞ്ചായത്തും ചേർന്ന് വഹിക്കുമെന്നും മന്ത്രി പറഞ്ഞു. ക്ഷീരഗ്രാമം പദ്ധതി നേരത്തെ 20 പഞ്ചായത്തുകളിലാണ് പ്രഖ്യാപിച്ചിരുന്നത്. ഇപ്പോഴത് ഇരട്ടിയാക്കുകയാണ്. ക്ഷീരകർഷകർ പശുക്കൾക്കും പശുക്കിടാക്കൾക്കും സമ്പൂർണ ഇൻഷുറൻസ് പരിരക്ഷ നൽകണം. ഒരു പശുവിൽ നിന്ന് ലഭിക്കുന്ന പാലിൻറെ അളവ് വർധിപ്പിച്ച് സംസ്ഥാനത്തെ ക്ഷീരമേഖലയുടെ കാര്യക്ഷമത മെച്ചപ്പെടുത്തേണ്ടതുണ്ട്. ഒരു പശുവിൽ നിന്ന് പ്രതിദിനം 14.5 ലിറ്റർ പാൽ ലഭിക്കുന്ന പഞ്ചാബ് ഇക്കാര്യത്തിൽ രാജ്യത്ത് ഒന്നാമതാണ്. 10.6 ലിറ്ററുമായി കേരളം രണ്ടാം സ്ഥാനത്താണ്. പാൽലഭ്യതയുടെ ഫലപ്രാപ്തിക്കായി പശുക്കറവയ്ക്കായി പുലർച്ചെയും വൈകുന്നേരവും നിശ്ചിതസമയം പാലിക്കണമെന്ന് നിശ്ചയിക്കും. ഇത് 12 മണിക്കൂർ ഇടവേള ഉറപ്പാക്കും. മാത്രമല്ല, ക്ഷീരകർഷകർക്ക് വരുമാനത്തിനായി പകൽസമയം മറ്റ് ജോലികളിൽ ഏർപ്പെടാനുമാകുമെന്നും മന്ത്രി കൂട്ടിച്ചേർത്തു.കഴിഞ്ഞ മാസം തൃശ്ശൂരിൽ നടന്ന 'പടവ് 2023' കർഷകസംഗമത്തിൽ എടുത്ത തീരുമാനങ്ങൾ നടപ്പാക്കാൻ സർക്കാർ ഒരുങ്ങുകയാണെന്ന് മന്ത്രി പറഞ്ഞു. വലിയ പഞ്ചായത്തുകളിൽ കൂടുതൽ വെറ്റിനറി ഡോക്ടർമാരെ നിയമിച്ചുകൊണ്ട് കന്നുകാലികളുടെ ചികിത്സയും ആരോഗ്യവും ഉറപ്പാക്കും. കന്നുകാലികളെ ബാധിക്കുന്ന പുതിയ ചില രോഗങ്ങളെക്കുറിച്ച് കൂടുതൽ പഠിച്ചുവരികയാണ്. രോഗങ്ങൾ മൂലം പശുക്കളെ നഷ്ടപ്പെടുന്ന കർഷകർക്ക് നഷ്ടപരിഹാരം ഉറപ്പാക്കും. മിൽമ സംസ്ഥാനത്തെ മൂന്ന് മേഖലകളിലും ഒരേ പോലെയുള്ള കവറുകൾ ഉപയോഗിക്കാനുള്ള ശ്രമത്തിലാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.ഇൻഷുറൻസ് പരിരക്ഷ ഇല്ലാതെ പശു മരണപ്പെട്ടാൽ നൽകുന്ന സാമ്പത്തിക സഹായത്തിൻറെ ഉദ്ഘാടനം, പ്രകൃതിദുരന്തവും മറ്റും മൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ആപ്കോസ് സംഘങ്ങളുടെ കെട്ടിടങ്ങൾക്കും സാമഗ്രികൾക്കുമുള്ള ഇൻഷുറൻസ് പദ്ധതിയുടെയും ഉദ്ഘാടനം, ഇആർസിഎംപിയുവിൻറെ പുതിയ ഉൽപ്പന്നങ്ങളായ ഷുഗർ ഫ്രീ പേഡ, ചോക്ലേറ്റ് പേഡ, ജാക്ക്ഫ്രൂട്ട് പേഡ, ഗ്വാവ ഐസ്ക്രീം എന്നിവയുടെ വിപണനോദ്ഘാടനം എന്നിവയും മന്ത്രി നിർവ്വഹിച്ചു.കേന്ദ്ര ധനസഹായത്തോടെ മേഖല യൂണിയൻ എറണാകുളം, തൃശ്ശൂർ, കോട്ടയം, ഇടുക്കി ജില്ലകളിൽ സ്ഥാപിക്കുന്ന 16 പുതിയ ബൾക്ക് മിൽക്ക് കൂളറു(ബി.എം.സി)കളുടെ അനുമതിപത്രം മിൽമ മാനേജിംഗ് ഡയറക്ടർ ആസിഫ് കെ. യൂസഫ് വിതരണം ചെയ്തുമൊത്തം 40 കോടി രൂപയുടെ വികസന പദ്ധതികൾ സഹകരണ യൂണിയൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടെന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച ഇആർസിഎംപിയു ചെയർമാൻ എം.ടി. ജയൻ പറഞ്ഞു. മിൽമയുടെ വരുമാനത്തിൻറെ 83 ശതമാനവും കർഷകർക്കാണ് നൽകുന്നത്. ബാക്കിയുള്ളത് ക്ഷേമ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.കളമശ്ശേരി മുനിസിപ്പൽ ചെയർപേഴ്സൺ സീമ കണ്ണൻ, ഇആർസിഎംപിയു മുൻ ചെയർമാൻ ജോൺ തെരുവത്ത്, ഇആർസിഎംപിയു എം.ഡി വിൽസൺ ജെ. പുറവക്കാട്ട്, വാർഡ് മെമ്പർമാർ, ഇആർസിഎംപിയു ബോർഡ് അംഗങ്ങൾ തുടങ്ങിയവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ആലപ്പുഴയിൽ ചിക്കൻ ഇനി തനി മലയാളി

## കേരള ചിക്കനിലൂടെ ലക്ഷ്യമിടുന്നത് സംസ്ഥാനത്തിന് ആവശ്യമായ കോഴി നാട്ടിൽ തന്നെ ഉത്പാദിപ്പിക്കാൻ: മന്ത്രി പി.പ്രസാദ്




**ആലപ്പുഴ:** ചിക്കൻ ഇനി ആലപ്പുഴയിലും തനി മലയാളി. മിതമായ വിലയിൽ സംശുദ്ധമായ കോഴിയിറച്ചി ലഭ്യമാക്കുന്ന കുടുംബശ്രീ സംരംഭമായ കേരള ചിക്കൻ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം കൃഷി വകുപ്പ് മന്ത്രി പി. പ്രസാദ് നിർവഹിച്ചു. നാടിന്റെ ആരോഗ്യത്തിന്റെ പ്രതീകമായി മാറുകയാണ് കേരള ചിക്കനെന്ന് പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട് മന്ത്രി പറഞ്ഞു. ആരോഗ്യവും ആദായവും കേരളത്തിലെ കുടുംബങ്ങളിൽ ഒന്നിച്ചു ഉറപ്പുവരുത്തുകയാണ് കുടുംബശ്രീ. മലയാളിയുടെ ഭക്ഷണസംസ്കാരത്തിൽ ഒഴിച്ചു കൂടാനാവാത്തതാണ് ഇന്ന് കോഴിയിറച്ചി. എന്നാൽ സംസ്ഥാനത്തിന് ആവശ്യമായ കോഴി വരുന്നത് കൂടുതലായും തമിഴ് നാട്ടിൽ നിന്നാണ്. അതിനാൽ തന്നെ അതിന്റെ ഗുണനിലവാരം നമ്മുടെ നിയന്ത്രണത്തിലല്ല. സംസ്ഥാനത്തിന് ആവശ്യമായ കോഴി നാട്ടിൽ തന്നെ ഉത്പാദിപ്പിക്കുകയാണ് കേരള ചിക്കനിലൂടെ ലക്ഷ്യമിടുന്നത്. മലയാളിയ്ക്ക് ആരോഗ്യകരമായ ഭക്ഷണ സംസ്കാരം സാധ്യമാക്കുകയാണ് പദ്ധതി. മന്ത്രി പറഞ്ഞു. കഞ്ഞിക്കുഴി പി.പി. സ്വാതന്ത്ര്യ സ്മാരക ഹാളിൽ നടന്ന ചടങ്ങിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഗീതാ കാർത്തികേയൻ അധ്യക്ഷയായി. ജില്ല കളക്ടർ വി.ആർ. കൃഷ്ണ തേജ, സബ് കളക്ടർ സൂരജ് ഷാജി, ചേർത്തല നഗരസഭ അധ്യക്ഷ ഷേർളി ഭാർഗവൻ, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സുദർശന ഭായി, കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജെയിംസ് ചുങ്കത്തറ, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ജാഫർ മാലിക്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് വി.ജി. മോഹനൻ, ജില്ലാ പഞ്ചായത്ത് ഡിവിഷൻ മെമ്പർ വി. ഉത്തമൻ, കേരള ചിക്കൻ കമ്പനി സി.ഇ.ഒ. എ. സജീവ്കുമാർ, കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് എം. സന്തോഷ് കുമാർ, സ്റ്റാൻഡിങ് കമ്മിറ്റി അധ്യക്ഷരായ ബൈരഞ്ജിത്ത്, എസ്. ജ്യോതിമോൾ, കെ. കമലമ്മ, കഞ്ഞിക്കുഴി പഞ്ചായത്ത് സെക്രട്ടറി ഗീതാകുമാരി, കുടുംബശ്രീ ജില്ല മിഷൻ കോഓഡിനേറ്റർ ജെ.പ്രശാന്ത് ബാബു തുടങ്ങിയവർ സംസാരിച്ചു.

# പെൺകുട്ടികൾക്ക് സാമ്പത്തിക സാക്ഷരത അനിവാര്യം: സീഡിംഗ് കേരള




**കൊച്ചി:** ചെറുപ്രായത്തിൽ തന്നെ പെൺകുട്ടികൾക്ക് സാമ്പത്തിക സാക്ഷരത ലഭ്യമാക്കണമെന്ന് കേരള സ്റ്റാർട്ടപ്പ് മിഷൻ സംഘടിപ്പിച്ച സീഡിങ് കേരള സമ്മേളനത്തിലെ വനിതാ പാനൽ ചർച്ചയിൽ വിദഗ്ധർ അഭിപ്രായപ്പെട്ടു. ആൺകുട്ടികൾക്ക് ചെറുപ്പത്തിലെ തന്നെ നിക്ഷേപത്തെക്കുറിച്ചും സാമ്പത്തിക ഭദ്രതയെക്കുറിച്ചും അവബോധം നൽകുന്നത് പതിവാണ്. രാജ്യത്തെ തൊഴിലിടങ്ങൾ കൂടുതൽ ലിംഗ സമത്വം ഉള്ളതാകാൻ പെൺകുട്ടികൾക്കും സമാന അവബോധം നൽകണമെന്നും വനിത സംരംഭകർ ചൂണ്ടിക്കാട്ടി.കുട്ടികളെ വളർത്തി വലുതാക്കേണ്ട ഉത്തരവാദിത്വം പൂർണ്ണമായും സ്ത്രീക്കാണെന്ന പൊതുബോധമാണ് തൊഴിലിടങ്ങളിൽ പുരുഷനൊപ്പം ഉയർച്ച കൈവരിക്കാൻ സ്ത്രീകൾക്ക് വിഘാതമായിരിക്കുന്നതെന്ന് വിദഗ്ധർ പറഞ്ഞു. സ്റ്റാർട്ടപ്പ് ഫണ്ടിലെ ലിംഗപരമായ അസമത്വം എന്ന വിഷയത്തിൽ ആയിരുന്നു പാനൽ ചർച്ച. വിദ്യാഭ്യാസ പരമായി ഉന്നത നിലവാരം പുലർത്തുന്ന സ്ത്രീകൾ പോലും കുടുംബത്തിനുവേണ്ടി തങ്ങളുടെ തൊഴിൽജീവിതം ഉപേക്ഷിച്ചിട്ടുണ്ട്. കാര്യങ്ങൾ ഇങ്ങനെയൊക്കെ ആണെങ്കിൽ നിലവിൽ രാജ്യത്തെ സ്ഥിതി മെച്ചപ്പെട്ടു വരുന്നുണ്ടെന്നും അവർ ചൂണ്ടിക്കാട്ടി. കെഎസ്യുഎം സിഒഒ ടോം തോമസ് ആണ് ചർച്ച നിയന്ത്രിച്ചത്.കുടുംബത്തിൻറെ മൊത്ത വരുമാനത്തിൻറെ ഭൂരിഭാഗവും സ്ത്രീകൾ സമ്പാദിക്കുന്ന സ്ഥിതിയുണ്ടായിട്ടും നിക്ഷേപകാര്യങ്ങളിൽ അവരുടെ അഭിപ്രായം ചോദിക്കുന്നത് അപൂർവ്വമാണെന്ന് എ ഡബ്ല്യൂ ഇ ഫണ്ടിൻറെ ദിവ്യാ സമ്പത്ത് പറഞ്ഞു. ഈ രീതിക്ക് മാറ്റം വന്നാൽ രാജ്യത്തെ വനിത സംരംഭകരുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകും. പുരുഷ മേൽക്കോയ്മയെ മറികടക്കാനുള്ള ഏറ്റവും എളുപ്പമുള്ള മാർഗം സ്വന്തമായി സംരംഭം തുടങ്ങുകയെന്നതാണ്. സംസ്ഥാനത്ത് 52 ശതമാനം വനിതകൾ ഉണ്ടെങ്കിലും തൊഴിലിടങ്ങളിലെ പ്രാതിനിധ്യം 20 ശതമാനം മാത്രമേയുള്ളൂവെന്നും അവർ ചൂണ്ടിക്കാട്ടി.മെട്രോ നഗരങ്ങളെ അപേക്ഷമെട്രോ നഗരങ്ങളെ അപേക്ഷിച്ച് രാജ്യത്തെ ചെറുകുട നഗരങ്ങളിൽ വനിത വിക്ഷേപകരുടെ എണ്ണം കൂടുതലാണെന്ന് വി ഫൗണ്ടർ സർക്കിളിൻറെ ഭാവന ഭട്നാഗർ പറഞ്ഞു. എങ്കിലും പുരുഷന്മാർ നയിക്കുന്ന സംരംഭങ്ങളെ അപേക്ഷിച്ച് സ്ത്രീ സംരംഭങ്ങൾക്ക് നിക്ഷേപം ലഭിക്കുന്നത് തുലോം കുറവാണ്. വസ്തു വാങ്ങാൻ സമ്പാദിക്കണം എന്ന് ആൺകുട്ടികളോട് പൊതുവേ ഉപദേശിക്കാറുണ്ട്. ഈ ഉപദേശം പെൺകുട്ടികൾക്ക് നൽകാറില്ല. ഇത്തരം മാറ്റം ബോർഡ് റൂമുകളിലടക്കം നടപ്പാക്കണം എന്നും അവർ പറഞ്ഞു.ഗർഭകാലവും പ്രസവത്തിനു ശേഷമുള്ള വിശ്രമകാലവും എല്ലാം തങ്ങളുടെ തൊഴിലിനെ ദോഷകരമായി ബാധിക്കുന്നു എന്നതിനാൽ സ്ത്രീകൾ പൊതുവേ അസ്വസ്ഥരാണ് എന്ന് ഇൻഫോ എഡ്ജ് വെഞ്ചേഴ്സിൻറെ അനിക്ത സത്പതി പറഞ്ഞു. മിക്കവാറും അവസരങ്ങളിൽ ഭർത്താക്ക?ാരെക്കാളും വിദ്യാഭ്യാസപരമായും സാമ്പത്തികമായും മുമ്പിൽ നിൽക്കുന്നത് സ്ത്രീകളാണെന്ന് ഓർക്കണം.സ്ത്രീകളെ വ്യക്തികളായി കാണാൻ സമൂഹം ശ്രദ്ധിക്കണമെന്ന് ലീഡ് എയ്ഞ്ജൽസിൻറെ കൃതി റിയാനി പറഞ്ഞു. അവസരങ്ങൾക്ക് തൊഴിൽ വൈദഗ്ധ്യം മാത്രമാകണം മാനദണ്ഡമാക്കേണ്ടതെന്നും അവർ പറഞ്ഞു.

# ആശുപത്രിക്ക് ആംബുലൻസ് നൽകി സൗത്ത് ഇന്ത്യൻ ബാങ്ക്



**കൊച്ചി:**സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി സൗത്ത് ഇന്ത്യൻ ബാങ്ക് കരുവഞ്ചാൽ സെൻ്റ് ജോസഫ്സ് ഹോസ്പിറ്റലിന് അത്യാധുനിക ജീവൻരക്ഷാ സംവിധാനങ്ങളോടെയുള്ള ആംബുലൻസ് കൈമാറി. തലശ്ശേരി അതിരൂപത മെട്രോപൊളിറ്റൻ ആർച്ച്ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി, സൗത്ത് ഇന്ത്യൻ ബാങ്ക് ചീഫ് ജനറൽ മാനേജർ എച്ച്ആർ ആൻ്റ് ഓപറേഷൻസ്, ടി ആൻ്റോ ജോർജിൽ നിന്ന് താക്കോൽ ഏറ്റുവാങ്ങി. ആശുപത്രി ഡയറക്ടർ ഫാദർ ആൻ്റണി മുത്തുകുന്നേൽ, അഡ്മിനിസ്ട്രേറ്റർ ഫാ. അനീഷ് അബ്രഹാം മനവത്ത്, സൗത്ത് ഇന്ത്യൻ ബാങ്ക് ഡിജിഎമ്മും റീജനൽ ഹെഡുമായ ഈശ്വരൻ എസ്, തളിപ്പറമ്പ് ക്ലസ്റ്റർ ഹെഡ് ബാബുലാൽ പി ആർ, കരുവഞ്ചാൽ ബ്രാഞ്ച് ഹെഡ് വിഷ്ണു ശബരി എന്നിവർ പങ്കെടുത്തു.

# സെവൻ അപ്പ്സമ്മർ ക്യാംപയിനുമായി രശ്മിക മന്ദാന



കൊച്ചി : ബ്രാൻഡ് അംബാസിഡറായ രശ്മിക മന്ദാന അഭിനയിക്കുന്ന സെവൻ അപ്പിൻ്റെ സമ്മർ ക്യാംപയിൻ പുറത്തിറക്കി. ഇന്ത്യയുടെ സൂപ്പർ ഡ്യൂപ്പർ റിഫ്രഷറായി സെവൻ അപ്പിനെ മുന്നോട്ടു വയ്ക്കുന്നതാണ് പുതിയ ക്യാംപയിൻ.രശ്മികയുടെ ഊർജ്ജസ്വലമായ പരിവേഷം സെവൻ അപ്പിനു മികച്ച പിന്തുണയാകുമെന്ന് പെപ്സികോ ഇന്ത്യയുടെ ഫ്ലേവേഴ്സ് ആൻഡ് എനർജി സീനിയർ മാർക്കറ്റിംഗ് ഡയറക്ടർ നസീബ് പുരി പറഞ്ഞു.പുതിയ സെവൻ അപ്പ് ക്യാംപയിൻ എല്ലാത്തരം മാധ്യമങ്ങളിലൂടെയും സംപ്രേഷണം ചെയ്യും. ലെമൺ ആൻഡ് ലൈം ഫ്ലേവറുമായി ഈ പാനീയം വിവിധ പാക്കുകളിൽ ലഭ്യമാകും.

# ദേശീയ ബ്രാൻഡായി മാറാൻ ലക്ഷ്യമിട്ട് എലൈറ്റ് ഫുഡ്സ്




**കൊച്ചി:** ദേശീയ ബ്രാൻഡായി മാറാൻ ലക്ഷ്യമിട്ട് എലൈറ്റ് ഫുഡ്സ്. എലൈറ്റ് ഫുഡ്സ് ആൻഡ് ഇന്നോവേഷൻസിൻ്റെ ഭാഗമായുള്ള എലൈറ്റ് ഫുഡ്സ് വിപണി വിപുലീകരിക്കുവാനും 'ഫുഡ് ഫാക്ടറി ഓഫ് ഇന്ത്യ ആയി മാറുവാനും ലക്ഷ്യമിടുന്നുവെന്നും ബേക്കിങ്,മില്ലിങ്, ഓർഗാനിക് എന്നി മൂന്ന് വിഭാഗങ്ങളിലായി 20% വളർച്ച നിരക്കാണ് കമ്പനി ഭാവിയിൽ പ്രതീക്ഷിക്കുന്നതെന്നും എലൈറ്റ് ഫുഡ്സ് ആൻഡ് ഇന്നൊവേഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ ദനേസ രഘുലാൽ പറഞ്ഞു.തങ്ങളുടെ കേക്കിൻ്റെയും മറ്റ് ഉൽപ്പന്നങ്ങളുടെയും രുചി രാജ്യമൊട്ടാകെ എത്തിക്കുവാനാണ് ലക്ഷ്യമിടുന്നത്. കോവിഡിന് ശേഷം ഭക്ഷ്യ വ്യവസായത്തിന് അസാമാന്യ വളർച്ച കൈവന്നിട്ടുണ്ട്. ബഹുരാഷ്ട്ര കമ്പനികൾക്കിടിയിലെ മത്സരം കൂടിവരുന്നുണ്ടെങ്കിലും അവർ ഉയർത്തുന്ന വെല്ലുവിളികളെ അതിജീവിക്കുവാൻ തങ്ങൾ നൽകുന്ന ഗുണമേന്മയും വിലനിർണ്ണയവും സഹായിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. തെക്കേ ഇന്ത്യയിൽനിന്ന് വടക്കേ ഇന്ത്യയിലേക്ക് അടുത്ത അഞ്ച് വർഷത്തിനുള്ളിൽ ബിസിനസ്സ് വിപുലീകരിക്കുകയാണ് തങ്ങളുടെ ലക്ഷ്യമെന്നും ദനേസ രഘുലാൽ പറഞ്ഞു '1986ൽ അരൂരിൽ ബ്രെഡ് പ്രൊഡക്ഷൻ കമ്പനി ആയി ആരംഭിച്ച എലൈറ്റ് ഫുഡ്സിന് ഇന്ന് വിപണിയിൽ 150ൽ അധികം എസ്.കെ.യുകളുണ്ട്. നിലവാരമുള്ള ഭക്ഷണപദാർത്ഥങ്ങൾ ജനങ്ങൾക് നൽകി ആളുകളുടെ ജീവിതനിലവാരം ഉയർത്താനാണ് കമ്പനി ലക്ഷ്യമിടുന്നതെന്നും ദനേസ രഘുലാൽ പറഞ്ഞു

# ലോങ് ഡ്യൂറേഷൻ ഫണ്ട് അവതരിപ്പിച്ച് യുടിഐ

**കൊച്ചി:** യുടിഐ മ്യൂചൽ ഫണ്ട് കടപത്രങ്ങളിലും മണി മാർക്കറ്റ് പദ്ധതികളിലും നിക്ഷേപിക്കുന്ന ഓപൺ എൻഡഡ് ഡെറ്റ് പദ്ധതിയായ യുടിഐ ലോങ് ഡ്യൂറേഷൻ ഫണ്ട് അവതരിപ്പിച്ചു. പുതിയ ഫണ്ട് ഓഫർ മാർച്ച് 15ന് അവസാനിക്കും.മികച്ച രീതിയിലുള്ള വരുമാനവും ആവശ്യമായ ലിക്വിഡിറ്റിയും നൽകുകയാണ് ഇതിൻ്റെ നിക്ഷേപ രീതിയിലൂടെ ഉദ്ദേശിക്കുന്നതെന്ന് യുടിഐ എഎംസി ചീഫ് ഇൻവെസ്റ്റ്മെൻറ് ഓഫീസർ വെട്രി സുബ്രഹ്മണ്യം പറഞ്ഞു. അതേ സമയം വരുമാനം സംബന്ധിച്ച് പദ്ധതി ഗ്യാരണ്ടിയോ സൂചനയോ നൽകുന്നില്ല. 5000 രൂപയാണ് കുറഞ്ഞ നിക്ഷേപം തുടർന്ന് ഓരോ രൂപയുടെ ഗുണിതങ്ങളായി നിക്ഷേപിക്കാം. ഏഴു വർഷത്തിനുമുകളിൽ കാലാവധിയുള്ളതാവും ഇതിലൂടെ പദ്ധതി നടത്തുന്ന നിക്ഷേപങ്ങൾ.ഇക്വിറ്റി, സ്ഥിര വരുമാന ഫണ്ടുകളിലൂടെ നിക്ഷേപം വൈവിധ്യവൽക്കരിക്കേണ്ടത് ആവശ്യമാണെന്നും ദീർഘകാലാവധിയുള്ള പദ്ധതികൾ നിക്ഷേപകരുടെ ദീർഘകാല സാമ്പത്തിക ലക്ഷ്യങ്ങൾ കൈവരിക്കാൻ ഏറെ സഹായകമാണെന്നും താരതമ്യേന സുസ്ഥിരമായ നേട്ടം നൽകുന്നവയാണെന്നും വെട്രി സുബ്രഹ്മണ്യം പറഞ്ഞു.

# ധനസഹായ പദ്ധതി: ഇന്ത്യൻ ബാങ്കുമായി കൈകോർത്ത് ടൊയോട്ട

**കൊച്ചി:** ഉപഭോക്താക്കൾക്ക് ആകർഷകമായ വാഹന ധനസഹായ ഓപ്ഷനുകൾ ഉറപ്പാക്കുന്നതിനായി ഇന്ത്യൻ ബാങ്കുമായി ധാരണപ്പത്രം ഒപ്പുവെച്ച് ടൊയോട്ട കിർലോസ്കർ മോട്ടോർ.ഉപഭോക്താക്കൾക്ക് ഇതിലൂടെ 90 ശതമാനം വരെ ഓൺ റോഡ് ഫണ്ടിംഗ് ലഭ്യമായിരിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. ഇതോടൊപ്പം പ്രോസസ്സിംഗ് ഫീ, ഫോർക്ലോഷർ, പാർട്ട് പേയ്മെൻ്റ് ചാർജുകൾ എന്നിവയും ഉപഭോക്താക്കളിൽ നിന്ന് ഈടാക്കുകയില്ല. ഈ പങ്കാളിത്തത്തിലൂടെ ഗ്രാമീണ, അർദ്ധ നഗര വിപണികളിലുള്ളവർക്ക് ടൊയോട്ടയുടെ വാഹനങ്ങൾ എളുപ്പത്തിൽ വാങ്ങുവാനുള്ള ഫിനാൻസ് ഓപ്ഷനുകളും ലഭ്യമാണ്.പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുമപ്പുറം ഉപയോഗിച്ച കാറുകളും സർവീസ് പാക്കേജുകളും കവർ ചെയ്യുന്നതിനായുമെല്ലാം സ്കീമുകൾ ഉപഭോക്താക്കൾക്ക് ഉപയോഗപ്പെടുത്താം. രാജ്യത്താകമാനമുള്ള 567 ടികെഎം സെൻ്ററുകൾ വഴിയും ഇന്ത്യൻ ബാങ്കിൻ്റെ 5700ലധികം ബ്രാഞ്ചുകളിലൂടെയും ഈ സേവനം ഉപയോഗപ്പെടുത്താവുന്നതാണെന്നും കമ്പനി അറിയിച്ചു.

### ലോക വനിതാ ദിനം

# മത്സ്യമേഖലയിലെ സ്ത്രീതിളക്കം: മാതൃകയായി തൃപ്തിയും ദീപയും





കൊച്ചി: മത്സ്യമേഖലയിൽ സ്ത്രീശക്തി തെളിയിച്ച് മാതൃകയാകുകയാണ് തൃപ്തി ഷെട്ടിയും ദീപ മനോജും. അലങ്കാരമത്സ്യ കൃഷിവിപണന രംഗത്ത് സംരംഭകരായി മികവ് തെളിയിച്ചാണ് ഇരുവരും ശ്രദ്ധേയരാകുന്നത്. വെല്ലുവിളികൾ ഏറെയുള്ള അലങ്കാരമത്സ്യകൃഷി മേഖലയിൽ കഠിനാധ്വാനവും മാനേജ്മെന്റ് വൈദഗ്ധ്യവും കൊണ്ട് കരുത്ത് തെളിയിച്ച രണ്ടുപേരെയും ലോക വനിത ദിനത്തിൽ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) ആദരിക്കും. കോവിഡ്കാല പ്രതിസന്ധികളെ മനോധൈര്യത്തോടെ നേരിട്ടാണ് തൃപ്തിയും ദീപയും അവരുടെ ബിസിനസ് സംരംഭം വിജയകരമാക്കിയത്.ട്രാൻസ് വനിതയായ ആലുവ കടുങ്ങല്ലൂർ സ്വദേശി തൃപ്തി ഷെട്ടി സിഎംഎഫ്ആർഐയുടെ സയൻസ് ടെക്നോളജി ഇന്നൊവേഷൻ ഹബ് പദ്ധതിയുടെ ഗുണഭോക്താവ് കൂടിയാണ്. കേരളത്തിലെ ആദ്യകാല ട്രാൻസ്ജെൻഡർ സംരംഭകയായി ശ്രദ്ധനേടിയ തൃപ്തി അലങ്കാരമത്സ്യകൃഷിയിലൂടെയാണ് മത്സ്യമേഖലയിൽ കരുത്ത് തെളിയിച്ചത്. ഇതുവഴി കുടുംബത്തിന്റെ സാമ്പത്തിക സുരക്ഷ ഭദ്രമാക്കുന്നതിൽ വിജയിച്ചു. ലോക്ഡൗൺ കാരണം കനത്ത നഷ്ടമുണ്ടായെങ്കിലും പിൻമാറാൻ തയ്യാറായില്ല. സിഎംഎഫ്ആർഐയുടെ സഹായം സംരംഭകത്വം മുന്നോട്ട് കൊണ്ട് പോകാൻ ഏറെ ഉപകരിച്ചതായി തൃപ്തി പറയുന്നു. തൃപ്തി അക്വാട്ടിക്സ് എന്ന സംരംഭം വഴി 50 ശതമാനത്തോളം അധികവരുമാനം കുടുംബത്തിന് ലഭിക്കുന്നുണ്ട്. ട്രാൻസ്ജെൻഡറായ എം ഹൃതിക്കിനെയാണ് വിവാഹം ചെയ്തത്.പെരുമ്പാവൂർ കീഴില്ലം സ്വദേശിയാണ് ദീപ മനോജ്. അലങ്കാരമത്സ്യകുഞ്ഞുങ്ങളെ വളർത്തുകയും വിൽക്കുകയും ചെയ്ത് ഉപജീവനമാരംഭിച്ച ദീപ പിന്നീട് അയൽപക്കത്തുള്ള തൊഴിൽരഹിതരായവരെ കണ്ടെത്തി അവരെക്കൂടി അലങ്കാരമത്സ്യകൃഷിയിലേക്ക് ആകർഷിച്ച് സംരംഭം വിപുലമാക്കി. പ്രതിസന്ധികൾക്കിടയിലും വരുമാനമുണ്ടാക്കാൻ കഴിയുമെന്ന് പ്രദേശവാസികളെ ബോധ്യപ്പെടുത്താനായതും കൂട്ടായ്മ രൂപീകരിച്ച് അവരെ അലങ്കാരമത്സ്യകൃഷിയിലേക്ക് ആകർഷിക്കാനായതുമാണ് ദീപയുടെ വിജയം. വാണിജ്യമൂല്യമുള്ള അലങ്കാരമത്സ്യങ്ങളുടെ കൃഷിയും പ്രജനനവും അവരെ പരിശീലിപ്പിച്ചു. ഈ മത്സ്യങ്ങളുടെ വിപണന ശൃംഖല വികസിപ്പിച്ചു. അറ്റ്ലാന്റ് ഫിഷ് ഫാം എന്ന തന്റെ സംരംഭം വഴി ധാരാളം പേർക്ക് സ്വയംതൊഴിലിനുള്ള അവസരവും നൽകാനായി. നൂറുകണക്കിന് ടാങ്കുകൾലായി വാണിജ്യപ്രാധാന്യമുള്ള എല്ലാതരം അലങ്കാരമത്സ്യങ്ങളും അറ്റ്ലാന്റയിൽ ലഭ്യമാണ്. കോവിഡിൽ ഏറെ പ്രതിസന്ധികളുണ്ടായെങ്കിലും ലോക്ഡൗൺ കാലത്ത് പലരും അലങ്കാര മത്സ്യകൃഷി പോലെയുള്ള സ്വയംതൊഴിൽ മേഖലയിലേക്ക് തിരിഞ്ഞത് ഗുണകരമായെന്നും ദീപ മനോജ് പറയുന്നു. സിഎംഎഫ്ആർഐയിൽ ഇന്ന് (ബുധൻ) നടക്കുന്ന വനിത ദിനാഘോഷത്തിൽ ഡയറക്ടർ ഡോ എ ഗോപാലകൃഷ്ണൻ ഇരുവരെയും ആദരിക്കും.

# കള്ള് ഷാപ്പുകൾ പുനർവിൽപ്പ 15ന്

**കൊച്ചി:** 2022-23 വർഷ കാലയളവിലേക്ക് വിൽപ്പനയ്ക്ക് പോകാത്ത എറണാകുളം ഡിവിഷൻ ആലുവ റേഞ്ചിലെ 1 ഗ്രൂപ്പിലെ കള്ള് ഷാപ്പുകൾ മാർച്ച് 15ന് രാവിലെ 10 ന് കാക്കനാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജില്ലാ കളക്ടർ പുനർവിൽപ്പന നടത്തും. വിൽപ്പനയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ആവശ്യമായ രേഖകളുമായി രാവിലെ 9.30ന് കളക്ടറേറ്റിലെ ജില്ലാ പ്ലാനിംഗ് വിഭാഗത്തിന്റെ കോൺഫറൻസ് ഹാളിൽ എത്തണം. റവന്യൂ അധികാരികൾ സാക്ഷ്യപ്പെടുത്തിയ ഫോട്ടോ പതിച്ച ഐഡന്റിറ്റി കാർഡ് ഹാജരാക്കി 200 രൂപ എൻട്രൻസ് ഫീ അടച്ച് വിൽപന ഹാളിൽ പ്രവേശിക്കാം. വിൽപനയിൽ പങ്കെടുക്കുന്നവർ ഷാപ്പുകളിലെ തൊഴിലാളികളുടെ ഒരു മാസത്തെ വേതനത്തിന് തുല്യമായ തുകയ്ക്ക് എറണാകുളം എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് ഹാജരാക്കണം. വില്പന സംബന്ധിച്ച് പാലിക്കേണ്ട മറ്റ് മാനദണ്ഡങ്ങളും കൂടുതൽ വിവരങ്ങളും എറണാകുളം എക്സൈസ് ഡിവിഷൻ ഓഫീസിൽ നിന്നും ജില്ലയിലെ എല്ലാ എക്സൈസ് സർക്കിൾ ഓഫീസിൽ നിന്നും അറിയാമെന്ന് എക്സ് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു. ഫോൺ: 0484 2390657.

# വനിതാദിനം:ബിനാലെ കാണാൻ വനിതകൾക്ക് നിരക്കിൽ ഇളവ്

Kochi-Muziris Biennale

**കൊച്ചി:** വനിതാദിനം പ്രമാണിച്ച് ഇന്ന് ബിനാലെ കാണാൻ വനിതകൾക്ക് ടിക്കറ്റ് നിരക്കിൽ പ്രത്യേക ഇളവ് ലഭിക്കും. ഒരു ടിക്കറ്റിന് സ്ത്രീകൾക്ക് 50 രൂപ മാത്രം നൽകിയാൽ മതിയാകും. സാധാരണ നിരക്ക് 150 രൂപയാണ്. ആസ്പിൻവാൾ ഹൗസിലെ പ്രധാനവേദിയിൽ നിന്ന് നേരിട്ടും https://in.bookmyshow.com/events/kochi-muziris-biennale-2022-23/ET00346370 എന്ന ലിങ്കിൽ ബുക്ക് മൈ ഷോ ആപ്പിലും ടിക്കറ്റ് ലഭ്യമാകുംവനിതാദിനത്തോടനുബന്ധിച്ച് ബിനാലെയുടെ എറണാകുളം ഡർബാർ ഹാൾ ആർട്ട് ഗ്യാലറിയിലെ 'ഇടം' വേദിയിൽ ഇന്നു ഉച്ചക്ക് ഒന്നിനു ചിത്രകാരി സി കെ സുഹൈമയുടെ കലാവിഷ്കാരം നടക്കും. പ്രേക്ഷകർക്കും ആവിഷ്കാരത്തിൽ ഇടപെടാനും ഭാഗഭാക്കാകാനും അവസരം ഉണ്ടെന്നത് സവിശേഷതയാണ്. ചരൽക്കല്ലുകൾ നൂലിൽ കുരുക്കി തുണിയിൽ തീർത്ത ആവിഷ്!കാരത്തിന്റെ തുടർച്ച തീർക്കാനാണ് ആർട്ടിസ്റ്റ് പ്രേക്ഷകർക്കൊപ്പം ഇന്ന് ചേരുന്നത്. ഇങ്ങനെ തീർത്ത സൃഷ്ടികളും തുടർന്ന് 'ഇട'ത്തിലുണ്ടാകും. വരുംനാളുകളിലും കാണികളുടെ മനോധർമ്മത്തിനനുസരിച്ച് സൃഷ്ടിയിൽ കൂട്ടിച്ചേർക്കലുകൾ നടത്താം. ഉച്ചയ്ക്ക് 1.30 മുതൽ വനിതാദിന പരിപാടികൾ നടക്കും. ആർട്ടിസ്റ്റുകളുടെ സംഭാഷണത്തിനുശേഷം മുതിർന്ന ചിത്രകാരി സത്യഭാമയെ ആർട്ടിസ്റ്റ് സജിത ശങ്കർ ആദരിക്കും. കവയിത്രി ഡോ കവിത ബാലകൃഷ്ണൻ തന്റെ 'കലാകാരി' എന്ന പുസ്തകത്തെക്കുറിച്ച് സ്ലൈഡ് പ്രദർശിപ്പിക്കും. കവയിത്രി സ്റ്റാലിന പ്രസംഗിക്കും.3.45നു ദൃശ്യ കലാകാരി കൂട്ടായ്മയിലെ 10 അംഗങ്ങളുടെയും അഞ്ച് ഫൈൻ ആർട്ട്സ് കോളജുകളിലെ വിദ്യാർത്ഥിനികളുടെയും സൃഷ്ടികൾ ഉൾപ്പെടുത്തി പി എസ് ജലജ നടത്തുന്ന സ്ലൈഡ് പ്രദർശനം. അരനൂറ്റാണ്ടിലെ സ്ത്രീകലകളിലെ സ്ത്രീ ശരീരത്തിന്റെ രാഷ്ട്രീയവും വൈവിധ്യവും എങ്ങനെയെല്ലാം എന്നാരായുന്ന 105 സൃഷ്ടികളാണ് സ്ലൈഡിൽ ഉൾപ്പെടുന്നത്. തുടർന്ന് പാനൽചർച്ച നടക്കും. ഫോർട്ട്കൊച്ചി കബ്രാൾയാർഡ് പവിലിയനിൽ വനിതാദിനം പ്രമാണിച്ച് ഇന്നും നാളെയുമായി വനിത ഡോക്യുമെന്ററികൾ പ്രദർശിപ്പിക്കും.

LiVa®
'Diamonds are forever'
MODULAR INTERIORS TOO!
www.livainteriors.com




THE EVERLASTING MODULAR INTERIORS
SUPERIOR QUALITY IMPORTED AND INDIGENOUS RAW MATERIALS ONLY ARE USED
UNRIVALLED GERMAN ROBOTIC TECHNOLOGY FOR MANUFACTURING
GUARANTEE FOR 15 LONG YEARS* NOBODY CAN OFFER
EVER GROWING DELIGHTED LIVA FAMILY MEMBERS
LiVa KITCHENS & INTERIORS
TRUSTED since 2007 · 15 YEAR GUARANTEE · 100% GUARANTEED · ISO 9001 CERTIFIED · LOWEST HONEST PRICE
SOUTH INDIA'S MOST TRUSTED AND ADVANCED MODULAR INTERIOR MANUFACTURER

HEAD OFFICE & SHOW ROOM-KERALA
DOOR No.41/1065, RENJESHA BUILDING
OPPO. P.O.C, PADIVATTOM
ERNAKULAM-24
+91 9288022661/62

SHOWROOM-KARNATAKA
No.73, 80FT ROAD
NEAR HOYSALA CIRCLE
KENGERI SATELLITE TOWN
BANGALORE 560060
+91 9778685017/19

SHOWROOM-KERALA
OPPO. ROSY SCHOOL, CRYSTAL CENTRE
CHATHAPURAM, PALAKKAD, KERALA
FACTORY : KERALA
Kairady PO, Palakkad
+91 9288022663